പൈ
തൃ
കം

# മാനവസമത്വത്തിന്റെ മഹാ

**1469** ഏപ്രിൽ 15-ാം തീയതി പഞ്ചാബിലെ ഷേക്പുരാ ജില്ലയിലെ തൽവണ്ടി (ഇപ്പോൾ പാക്കിസ്ഥാനിൽ) ഗ്രാമത്തിൽ ഗുരുനാനാക്ക് ജനിച്ചു. ബാല്യത്തിൽ തന്നെ നാനാക്ക് ആത്മീയകാര്യങ്ങളിൽ താത്പര്യം പ്രകടിപ്പിച്ചിരുന്നു. സാധുക്കളെ സഹായിക്കുന്നതിലും ദാനധർമ്മങ്ങൾ ചെയ്യുന്നതിലും ആ ബാലൻ സന്തോഷം കണ്ടെത്തി. പാഠശാലയിലേക്കു പോയിരുന്ന ബാലൻ പലപ്പോഴും സന്യാസിമാരുടെയും ഫക്കീർമാരുടെയും സവിധത്തിലാണെത്തിയിരുന്നത്. ക്രമേണ നാനാക്ക് പാഠശാലകളിലെ ഔപചാരിക വിദ്യാഭ്യാസം അവസാനിപ്പിച്ചു മതഗ്രന്ഥങ്ങൾ പഠിക്കാനാരംഭിച്ചു. ഹിന്ദു പുരാണങ്ങളും വേദങ്ങളും പഠിക്കാനായി രണ്ടു വർഷക്കാലം സംസ്കൃതം അഭ്യസിച്ചു. സൂഫി പണ്ഡിതന്മാരിൽ നിന്നു പേർഷ്യൻ ഭാഷയും വശമാക്കി. സന്യാസിമാരും ഫക്കീർമാരുമായി മതപരമായ സംവാദത്തിലേർപ്പെട്ടു സമയം ചെലവഴിച്ചു പോന്നു നാനാക്ക്.

ബുദ്ധ-ജൈന മതങ്ങൾക്കു സമാനമായി ഭാരതത്തിന്റെ സാംസ്കാരിക പൈതൃകത്തിനു മുതൽകൂട്ടായി മാറിയ ആധ്യാത്മിക നവീകരണ പ്രസ്ഥാനമാണു സിക്കുമതം. ലോകമതങ്ങളിൽ ഏറ്റവും പ്രായം കുറഞ്ഞ ഈ മതത്തിന്റെ സ്ഥാപകനാണു ഗുരുനാനാക്ക്.



*ഗുരുനാനാക്ക്*

പുത്രന്റെ സ്വഭാവ വൈചിത്ര്യങ്ങളിൽ പിതാവ് ഉത്കണ്ഠാകുലനായി. ആധ്യാത്മിക ചിന്തകളിൽ നിന്നും മോചിപ്പിക്കാനായി നാനാക്കിനെ നിർബന്ധിച്ചു വിവാഹിതനാക്കി. തുടർന്നു ഭാര്യയുമൊത്തു ജീവിച്ച നാനാക്ക് ഉപജീവനാർത്ഥം സുൽത്താൻപൂരിലെ നവാബിന്റെ കണക്കെഴുത്തുകാരനായി ജോലി നോക്കി. ഇക്കാലത്തു നിത്യേന പ്രഭാതസ്നാനത്തിനായി സമീപത്തുള്ള പുഴയിലെത്തിയിരുന്ന നാനാക്ക് കുളികഴിഞ്ഞു പുഴക്കരയിൽ ധ്യാനനിമഗ്നനായിരിക്കുക സാധാരണമായിരുന്നു. ക്രമേണ ധ്യാനത്തിലിരിക്കുന്ന അദ്ദേഹത്തിനു ചുറ്റും ആളുകൾ കൂടിത്തുടങ്ങി. ഇതോടെ നാനാക്ക് ചുറ്റും കൂടിയവരോടു ഉപദേശരൂപേണ സംസാരിക്കാനും അവരെ കീർത്തനങ്ങൾ പാടി കേൾപ്പിക്കാനും തുടങ്ങി. ക്രമേണ ഇതൊരു ഭക്തസമാജമായി മാറി. പ്രഭാത സായാഹ്നവേളകളിൽ ഒരുമിച്ചിരുന്നു കീർത്തനാലാപങ്ങൾ നടത്തുകയും പ്രഭാഷണം ശ്രവിക്കുകയും പതിവായി. ഹിന്ദുക്കളും മുസ്ലീങ്ങളും ഇതിൽ പങ്കെടുത്തിരുന്നു. ക്രമേണ പങ്കെടുക്കുന്നവരുടെ എണ്ണം വർധിക്കുകയും പല പ്രമുഖരും നാനാക്കിന്റെ അനുയായികളായി ത്തീരുകയും ചെയ്തു.



നിതാന്തമായ പഠനത്തിന്റെയും ധ്യാനത്തിന്റെയും ഫലമായി ആത്മീയമായ ഉണർവുണ്ടായ നാനാക്ക് തന്റെ ആശയങ്ങളിലൂടെ മാനവ സമുദായത്തെ സമുദ്ധരിക്കുന്നതിനായി രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിലേക്കു സഞ്ചരിച്ചു. വേഷത്തിലും ആചാരത്തിലും മാത്രം ഹിന്ദുവും മുസ്ലീമുമായിരിക്കുന്നവർ യഥാർത്ഥ ജീവിതത്തിൽ മൃഗങ്ങളെക്കാൾ മോശമാണെന്ന് അദ്ദേഹം ജനങ്ങളെ ബോധ്യപ്പെടുത്തി. അവർണരോടുള്ള വിവേചനത്തെ അദ്ദേഹം എതിർത്തു.

അദ്ദേഹം പ്രഖ്യാപിച്ചു: “ഹിന്ദുവും മുസൽമാനും ഇല്ല. മനുഷ്യന് ഒരു ദൈവവും ഒരു മാർഗവുമേയുള്ളൂ”. വിഗ്രഹാരാധനയെയും ദേവപൂജയെയും അദ്ദേഹം

# പ്രവാചകൻ ഗുരുനാനാക്ക്

എതിർത്തു. "ദൈവത്തെ മാത്രമെ മനുഷ്യൻ ആരാധിക്കേണ്ടതുള്ളൂ" -അദ്ദേഹം പറഞ്ഞു.

ധാർമിക മൂല്യങ്ങളിൽ അടിയുറച്ച ഒരു ജീവിതസിദ്ധാന്തത്തിന് അടിത്തറ പാകുകയാണു നാനാക്ക് ചെയ്തത്. നിങ്ങൾ നിങ്ങളോടെങ്ങനെ പെരുമാറുന്നുവോ അതുപോലെ അന്യരോടും പെരുമാറുക എന്നതാണു ഗുരുനാനാക്ക് ജനങ്ങളെ ഉപദേശിച്ചത്. അമിതഭാഷണവും അമിതഭക്ഷണവും ഉപേക്ഷിക്കാൻ അദ്ദേഹം ആഹ്വാനം ചെയ്തു. ലളിതജീവിതം, ഋജുബുദ്ധി, ആത്മാർത്ഥത, സ്വഭാവശുദ്ധി എന്നീ ഗുണങ്ങൾ വ്യക്തികൾക്ക് ഉണ്ടായിരിക്കണമെന്ന് അദ്ദേഹം ഉദ്ബോധിപ്പിച്ചു. മദ്യം, പുകയില, മാംസം തുടങ്ങിയവ ഉപയോഗിക്കുന്നതിനെയും അദ്ദേഹം നിരുത്സാഹപ്പെടുത്തി. "സത്കർമങ്ങൾചെയ്യാത്തവനു മോക്ഷമില്ല. മതമോ ഗോത്രമോ ഏതെന്നല്ല, ഓരോരുത്തരും എന്തു ചെയ്തു എന്നാണു ദൈവം ചോദിക്കുക"- അദ്ദേഹം പറഞ്ഞു.

1500 ഫെബ്രുവരിയിലാരംഭിച്ച തന്റെ ലോകസഞ്ചാരത്തിനിടയിൽ ഹരിദ്വാറിലെത്തിച്ചേർന്ന നാനാക്ക് ഹിന്ദു പണ്ഡിതന്മാരുമായി സംവാദത്തിലേർപ്പെട്ടു. "മനസ്സിലെ മാലിന്യം കഴുകിക്കളയാത്തിടത്തോളം കാലം ഗംഗാസ്നാനം കൊണ്ടു പ്രയോജനമില്ല''- നാനാക്ക് ഉപദേശിച്ചു. കിഴക്ക് ആസ്സാം വരെ നടത്തിയ ഈ യാത്രയ്ക്കിടയിൽ അദ്ദേഹം കബീർദാസിനെ സന്ദർശിക്കുകയുണ്ടായി. സിക്കുമതഗ്രന്ഥമായ ആദിഗ്രന്ഥത്തിൽ കബീർദാസിന്റെ നിരവധി പദ്യങ്ങൾ ഉദ്ധരിച്ചിട്ടുണ്ട്. ദക്ഷിണദിക്കിൽ കന്യാകുമാരിവരെയെത്തിയ നാനാക്ക് അവിടെനിന്നും ലങ്കയിലേക്കു പോയി. രണ്ടുവർഷക്കാലത്തോളം അവിടെ താമസിച്ചു. പടിഞ്ഞാറു ദിക്കിലേക്കുള്ള തന്റെ സഞ്ചാരത്തിനിടയിൽ അദ്ദേഹം മെക്ക, മദീന, ബാഗ്ദാദ് തുടങ്ങിയ സ്ഥലങ്ങൾ സന്ദർശിച്ചു. വടക്കു ഹിമാലയപ്രാന്തങ്ങളിലും അദ്ദേഹം ചുറ്റിസഞ്ചരിക്കുകയുണ്ടായി. ഈ യാത്രകളുടെ ഫലമായി വളരെ വ്യാപകമായ അനുയായിവൃന്ദം അദ്ദേഹത്തിനുണ്ടായി.



*സിക്കുമത വിശുദ്ധഗ്രന്ഥമായ ആദിഗ്രന്ഥ് (ഗുരുഗ്രന്ഥ സാഹിബ്)*



*സുവർണക്ഷേത്രം*

തന്റെ പര്യടനങ്ങൾക്കുശേഷം ഗുരുനാനാക്ക് ലാഹോർ പട്ടണപ്രാന്തത്തിൽ കർത്താർപുർ എന്ന ഗ്രാമത്തിൽ വാസമുറപ്പിച്ചു. നാനാക്കിന്റെ ജീവിതത്തിൽ ഇതൊരു വഴിത്തിരിവായിരുന്നു. ധാരാളം അനുയായികൾ അദ്ദേഹത്തൊടൊപ്പമുണ്ടായിരുന്നു. പ്രഭാതത്തിലും സായാഹ്നത്തിലും സമൂഹഭജനയും സമൂഹഭോജനവും ഒരു പതിവായിത്തീർന്നു. ഗാർഹസ്ഥ്യം വെടിയാതെ തന്നെ ഈശ്വരനെ പ്രാപിക്കാൻ കഴിയുമെന്ന ഗുരുവിന്റെ ഉപദേശം നിരവധിയാളുകളെ ആകർഷിച്ചു. മോക്ഷം ലഭിക്കണമെങ്കിൽ അഹങ്കാരം വെടിയണമെന്ന് അദ്ദേഹം ഉപദേശിച്ചു. അവനവന്റെ രക്ഷയ്ക്കായല്ല, സമുദായത്തിന്റെ രക്ഷയ്ക്കായിവേണം പ്രാർത്ഥിക്കാനെന്ന് അദ്ദേഹം ഉദ്ബോധിപ്പിച്ചു. അദ്ദേഹത്തിന്റെ ലോകപര്യടനവേളയിൽ ശിഷ്യത്വം സ്വീകരിച്ചിരുന്നവർ കർത്താർപുരിലെത്തി അവിടത്തെ ചിട്ടകൾ മനസ്സിലാക്കി അതു സ്വന്തനാടുകളിൽ പ്രചരിപ്പിച്ചതോടെ ഒരു മതം എന്ന നിലയിൽ സിക്കുമതം രൂപം പ്രാപിച്ചു.

തന്റെ ശിഷ്യനെ പിൻഗാമിയായി പ്രഖ്യാപിച്ചുകൊണ്ട് 1539 സെപ്റ്റംബർ ഏഴിന് ഈ ദിവ്യാത്മാവു ജീവമുക്തി നേടി.

പഞ്ചാബിലെ അമൃത്സർ സിക്കുമതസ്ഥരുടെ പുണ്യസ്ഥലമാണ്. സിക്കുമതത്തിന്റെ ആസ്ഥാനവും ഈ നഗരം തന്നെ. ഇവിടെ തീർത്ഥക്കുളത്തിന്റെ (അമൃതസരസ്സ്) നടുവിലാണു സുവർണക്ഷേത്രം എന്നു പേർപെറ്റ സിക്കുദേവാലയം. വിശുദ്ധഗ്രന്ഥമായ ആദിഗ്രന്ഥ് (ഗുരുഗ്രന്ഥ സാഹിബ്) ആണ് ഇവിടെ പൂജിക്കപ്പെടുന്നത്. ❖



# യന്തിരൻ

ജോൺ ജെ.പുതുച്ചിറ

**ബാലനോവൽ-൭**

യന്തിരൻ പാട്ടുപാടിയ വിവരം വീട്ടുജോലിക്കാരി അമ്മിണി ആ ഉദ്യോഗസ്ഥ ദമ്പതികൾ വന്നപ്പോൾ പറഞ്ഞു. അവർ അതു കേട്ടു പൊട്ടിച്ചിരിച്ചു.

പോടീ പെണ്ണേ, അതു വല്ല ടിവിയിൽ നിന്നോ റേഡിയോയിൽ നിന്നോ കേട്ടതാവും. രാമചന്ദ്രനും ഉഷയും പറഞ്ഞു.

അതു ശരിയായിരിക്കുമെന്ന് ഒടുവിൽ അമ്മിണിക്കും തോന്നി. അപ്പുറത്തെ വീട്ടിലെ ടിവിയിൽനിന്നോ മറ്റോ കേട്ട പാട്ടായിരിക്കുമത്. യന്തിരൻ അവിടെ നിന്നതുകൊണ്ടു തനിക്കങ്ങനെ തോന്നിയതാവണം.

പക്ഷേ, അന്നാമ്മച്ചേടത്തിയുടെ സംശയങ്ങൾക്ക് അറുതിയില്ല. അടുക്കളയിലിരുന്ന ഏത്തപ്പഴത്തിന്റെ എണ്ണത്തിൽ കുറവു കാണുന്നു, കോഴി ഇട്ട മുട്ട കാണുന്നില്ല, ഫ്രിഡ്ജിൽ വച്ചിരിക്കുന്ന പല ഭക്ഷണസാധനങ്ങളുടെയും അളവിൽ കുറവു കാണുന്നു. ഇങ്ങനെ അവർക്കു നൂറു നൂറു പരാതികൾ.

വയസ്സാം കാലത്തു കിഴവിയുടെ ഓർമ്മപിശകാണെന്നു പറഞ്ഞ് ഇത്താക്കുചേട്ടൻ അതു തള്ളി.

അയാൾ എന്തോ ആവശ്യത്തിന് അലമാര തുറന്നപ്പോഴാണ് അതിനുള്ളിൽ ഇരിക്കുന്ന അന്നാമ്മച്ചേടത്തിയുടെ സ്വർണാഭരണങ്ങൾ ദൃഷ്ടിയിൽപെട്ടത്.

ഇതൊക്കെയൊന്ന് ഒളിച്ചു സൂക്ഷിച്ചു വച്ചേക്കണം. വല്ലവനും അടിച്ചോണ്ടു പോകരുത്. സ്വർണത്തിനൊക്കെ ഇപ്പോൾ എന്തൊരു വില. അയാൾ പറഞ്ഞു.

യന്തിരൻ വീട്ടുജോലികളൊക്കെ ക്രമമായും ഭംഗിയായും ചെയ്യുന്നുണ്ട്. ഇപ്പോൾ ആജ്ഞ കൊടുത്തില്ലെങ്കിൽ പോലും കൃത്യസമയത്തു തന്നെ അവൻ ആ വൃദ്ധദമ്പതികളുടെ മുന്നിൽ ഭക്ഷണം എത്തിക്കും. കൂടാതെ അവർക്കു കഴിക്കാനുള്ള മരുന്നും ഗുളികകളുമൊക്കെ ഒരു മിനിറ്റുപോലും വ്യത്യാസമില്ലാതെ എടുത്തുകൊടുക്കും.

അക്കാര്യത്തിലൊക്കെ പരിപൂർണ തൃപ്തി ഉണ്ടെങ്കിലും അന്നാമ്മച്ചേടത്തിയുടെ ഒരു സംശയദൃഷ്ടി എപ്പോഴും യന്ത്രമനുഷ്യന്റെ പിന്നാലെ ഉണ്ട്. അത് അടുക്കളയിൽ തുടർച്ചയായി ഭക്ഷണസാധനങ്ങൾ കുറവു വരുന്നതിന്റെ പേരിലാണ്.



അമേരിക്കയിൽ നിന്നു മകൻ ജോണിക്കുട്ടി ഇടയ്ക്കിടയ്ക്കു വിളിക്കാറുണ്ട്. ക്ഷേമാന്വേഷണങ്ങൾക്കിടയ്ക്ക് അവൻ യന്ത്രമനുഷ്യനെക്കുറിച്ചും തിരക്കും. ആദ്യമൊക്കെ റോബോട്ടിനെക്കുറിച്ചു മതിപ്പോടെ സംസാരിച്ചിരുന്ന അന്നാമ്മച്ചേടത്തി ഇപ്പോൾ അതു കട്ടുതീറ്റി തുടങ്ങിയിരിക്കുന്നു എന്നു പറയുന്നതു കേട്ടപ്പോൾ ജോണിക്കുട്ടി പൊട്ടിച്ചിരിച്ചു.

അങ്ങനെയൊന്നും സംഭവിക്കില്ല. അതൊക്കെ അമ്മച്ചിയുടെ വെറും തോന്നലാണ്.

പക്ഷേ, വിളച്ചിലുകൾ ഒത്തിരി കണ്ടിട്ടുള്ള അന്നാമ്മച്ചേടത്തിയുടെ പഴകിയ തലച്ചോറിന് അത്ര ഉൾക്കൊള്ളാനാവുന്നില്ല.അവർ പലപ്പോഴും പാത്തും പതുങ്ങിയുമൊക്കെ യന്തിരന്റെ പിന്നാലെയുണ്ട്.

അങ്ങനെയിരിക്കെ ഒരു ദിവസം വീടിന്റെ പിന്നാമ്പുറത്ത് ഒന്നു രണ്ടു കാലിയായ ബ്രാണ്ടിക്കുപ്പികൾ കിടക്കുന്നത് അവർ കണ്ടുപിടിച്ചത്.

ങേ, ഇതെങ്ങനെ വന്നു! ഇവിടുത്തെ മനുഷനാണെങ്കിൽ ഈ സാധനം കൈകൊണ്ടു തൊടത്തുപോലുമില്ലല്ലോ. അവർ ആ ബ്രാണ്ടിക്കുപ്പികളുമെടുത്തുകൊണ്ട് ഇത്താക്കുചേട്ടന്റെ അടുത്തേക്ക് ഓടി.

മനുഷേനെ, നിങ്ങളിപ്പോൾ പാത്തും പതുങ്ങിയുമൊക്കെ കള്ളുകുടി തുടങ്ങിയോ?

ഹേയ്, ഈ സാധനം ഞാൻ ഇന്നു വരെ കൈകൊണ്ടു തൊട്ടിട്ടില്ല!

പിന്നെ ഈ ബ്രാണ്ടിക്കുപ്പിയൊക്കെ എവിടന്നു വന്നു?

ഇത് ആ കഴുവേരടമോൻ കുടിച്ചതു തന്നെ. യന്തിരൻ. എന്റെ അടുക്കളയിൽ നിന്നു കട്ടുതിന്നുന്നതും അവൻ തന്നെ. അന്നാമ്മയ്ക്കു സംശയമില്ല.

ഇത്താക്കുചേട്ടനും ഇപ്പോൾ ആദ്യമായി യന്തിരനെ അല്പം സംശയമായി.

ഇതങ്ങനെ വെറുതെ വിട്ടുകൂടാ. ഇവനെ നമുക്കു തൊണ്ടിസഹിതം പിടികൂടണം. അന്നാമ്മയ്ക്കാണു കൂടുതൽ വാശി.

അവർ രണ്ടാളും കൂടി ആലോചിച്ച് ഒരു പരീക്ഷണം നടത്താൻ തന്നെ തീരുമാനിച്ചു.

അങ്ങനെ അന്നു തന്നെ ഇത്താക്കുചേട്ടൻ പട്ടണത്തിൽ പോയി ഒരു കുപ്പി ബ്രാണ്ടി വാങ്ങി.

അതിന്റെ അടപ്പുപൊട്ടിച്ചശേഷം യന്ത്രമനുഷ്യൻ കാൺകെ ഫ്രിഡ്ജിൽ കൊണ്ടു വച്ചു.

പിന്നീട് എന്താണു സംഭവിക്കുന്നതെന്നറിയാൻ അവർ കാവലിരുന്നു.

അർധരാത്രിയായി, യന്തിരൻ മെല്ലെ കിടക്കവിട്ടെഴുന്നേല്ക്കുകയായി.

*(തുടരും)*

സിപ്പിയങ്കിളും കുട്ട്യോളും

# മനസ്സുകളെ കൂട്ടിയിണക്കുന്ന സ്വർണക്കണ്ണി

*പ്രിയ കൂട്ടുകാരേ,*

**ലോ**കത്തിലെ എല്ലാ ജീവജാലങ്ങളെയും കൂട്ടിയിണക്കുന്ന ഒരു സ്വർണക്കണ്ണിയുണ്ട്; അതാണു സ്നേഹം-നോബൽ സമ്മാന ജേതാവായ ഏണസ്റ്റ് ഹെമിങ്ങ്‌വേയുടെ വാക്കുകളാണിത്. തമ്മിൽ തമ്മിൽ സ്നേഹിക്കൂ - എന്നാണു സ്നേഹരാജനായ യേശുദേവൻ അതിനും മുമ്പേ നമ്മെ ഓർമിപ്പിച്ചത്. സ്നേഹം വാളിനേക്കാൾ മൂർച്ചയുള്ള ആയുധമാണെന്നു ശ്രീബുദ്ധനും സ്നേഹമാണു സമാധാനത്തിന്റെ ഉറവിടമെന്നു മുമ്മദ നബിയും നമ്മെ പഠിപ്പിച്ചിട്ടുണ്ട്. പക്ഷേ, ഇന്നു നമ്മുടെ മനസ്സുകളിൽ സ്നേഹത്തിന്റെ ഉറവ വറ്റിക്കൊണ്ടിരിക്കയല്ലേ?



കുടുംബങ്ങളിൽ അച്ഛനമ്മമാർ തമ്മിൽ സ്നേഹമില്ല. ഭാര്യയും ഭർത്താവും തമ്മിൽ സ്നേഹമില്ല. ഒരമ്മപെറ്റ മക്കൾ തമ്മിൽ സ്നേഹമില്ല. എന്തിനു പറയുന്നു; എവിടെ നോക്കിയാലും സ്നേഹമില്ലായ്മയുടെ ചിത്രങ്ങളാണു നമുക്കു കാണാൻ കഴിയുന്നത്.

സ്നേഹമില്ലാത്തിടം സാത്താന്റെ വാസസ്ഥാനമാണെന്നു മഹാനായ ടോൾസ്റ്റോയ് ചൂണ്ടിക്കാട്ടുന്നുണ്ട്. അദ്ദേഹത്തിന്റെ വാക്കുകൾ എത്രശരി; പൂക്കളും പൂമ്പാറ്റകളും മയിലും മാൻപേടകളും നിറഞ്ഞ നമ്മുടെ ഭൂമി സ്വർഗതുല്യമാണ്. പക്ഷേ, നാം അതിനെ സാത്താന്റെ താവളമാക്കി മാറ്റുകയാണ്. ദൈവം എന്തിനാണു നമ്മെ ഭൂമിയിലേക്ക് അയച്ചതെന്ന സത്യം നാം പലപ്പോഴും മറന്നുപോകുന്നു.

"ഒന്നിച്ചു ജീവിക്കാനെത്തി നാം സുന്ദരം
മന്നിതിൽ കൊല്ലുവാനല്ല;
സങ്കടം മായ്ക്കുവാൻ നീളട്ടെ കയ്യുകൾ
ചെഞ്ചോരചോർത്തുവാനല്ല".

ഇവിടെ നാം വന്നതു തമ്മിൽ തമ്മിൽ കഠാരകൊണ്ടു കളിക്കുവാനല്ല. കൈകൾ കൊണ്ടു നിന്ദിതരുടെയും പീഡിതരുടെയും കണ്ണീരു തുടച്ചുകൊടുക്കുക എന്നതാണു നമ്മുടെ ദൗത്യം.

യുദ്ധക്കളത്തിൽ വീണു പിടയുന്ന മനുഷ്യരുടെ ഇടയിലേക്കു സ്നേഹത്തിന്റെ കൈത്തിരിയുമായി കടന്നുചെന്ന ഫ്ളോറൻസ് നൈറ്റിംഗലിനെക്കുറിച്ചു നാം കേട്ടിട്ടുണ്ട്. കുഷ്ഠരോഗികൾ മാത്രം തിങ്ങിനിറഞ്ഞ മൊളോക്കോയ് ദ്വീപിൽ ഒരു സ്നേഹനാളമായി എരിഞ്ഞടങ്ങിയ ഫാദർ ഡാമിയനെക്കുറിച്ചും നമുക്കറിയാം. മരണം കാത്തുകിടക്കുന്ന മനുഷ്യരുടെ ഇടയിലേക്കു സ്നേഹത്തിന്റെ മാലാഖയായി പറന്നണഞ്ഞ മദർതെരേസയെയും നമുക്കു പരിചയമുണ്ട്.

എന്തുകൊണ്ടു നമുക്കും സ്നേഹിച്ചുകൂടാ? മനുഷ്യരെ മാത്രമല്ല; ഈ പ്രപഞ്ചത്തിലെ ഓരോ ജീവിയെയും ഉള്ളഴിഞ്ഞു സ്നേഹിക്കുവാൻ നമുക്കു കഴിയണം. ശത്രുവിനെപ്പോലും മിത്രമായിക്കാണാനുള്ള കരുത്തു ബാല്യകാലം മുതൽ തന്നെ നാം സമ്പാദിക്കണം. അങ്ങനെയായാൽ സ്നേഹത്തിന്റെ വലിയൊരു കൂടാരം നമുക്കിവിടെ പടുത്തുയർത്താൻ കഴിയും.

*സസ്നേഹം,*

**സിപ്പിയങ്കിൾ**

## കവിതചൊല്ലാം

### കലപിലമേളം!

കൈതപ്പൂവിൻ
നറുമണമുതിരും
പാടവരമ്പ-
ത്തലസമിരിക്കെ
നെന്മണി കൊത്തും
കുഞ്ഞാറ്റകളുടെ
കലപിലമേളം
കേൾപ്പൂ ഞാൻ!...



**ടി.കെ. മാറിയിടം**

രാഷ്ട്രീയം

അഡ്വ. വിനോദ് മാത്യു വിൽസൺ

# പഴയവീഞ്ഞു പുതിയ കുപ്പിയിൽ

**ജനകീയ സോഷ്യലിസത്തിൽ പാർട്ടിയും ഭരണകൂടവും ഒന്നല്ല എന്നതിന്റെ ജീവിക്കുന്ന ഉദാഹരണങ്ങളാണു കേരളത്തിന്റെ തെരുവോരങ്ങളിൽ നിന്നു പണിയെടുക്കുന്ന ബംഗാളി സഹോദരങ്ങൾ. ബംഗാളിയുടെ ഗൾഫായി കേരളവും മറ്റു ചില സംസ്ഥാനങ്ങളും മാറിയിട്ടുണ്ടെങ്കിൽ അതിനുകാരണം, എല്ലാവർക്കും എല്ലാം ഒരേ അളവിൽ ഉണ്ടായിരിക്കുന്നതാണു സാമ്പത്തിക സമത്വം എന്നു പഠിച്ചവർ, കൊടിവലിച്ചുകെട്ടി പ്രവർത്തിക്കാനിറങ്ങിയപ്പോൾ ഞങ്ങൾ ചില നേതാക്കൻമാർക്ക് എല്ലാം ഒരേ അളവിൽ കൂടുതലായി ഉണ്ടാകുന്നതാണ് എന്നു കാണിച്ചു കൊടുത്തതാണ്. പാർലമെണ്ടറി ജനാധിപത്യത്തിന്റെ സകല ആനുകൂല്യങ്ങളുംപറ്റി തികച്ചും ജനാധിപത്യ വിരുദ്ധരീതിയിൽ തങ്ങളുടെ അധികാര കുത്തക സ്ഥാപിക്കുവാൻ ബംഗാളിൽ പാർട്ടി ശ്രമിച്ചപ്പോൾ, തകർന്നു പോയത് ആ നാട്ടിലെ പാവപ്പെട്ട ജനങ്ങളുടെ ജീവിക്കുവാനുള്ള അവകാശമാണ്.**



ഇരുപത്തിയൊന്നാം നൂറ്റാണ്ടിലെ സോഷ്യലിസത്തിൽ ഭരണകൂടവും പാർട്ടിയും ഒന്നായിരിക്കില്ലെന്നും ഭരണകൂടത്തിന് അതിന്റേതായ അസ്തിത്വം ആവശ്യമാണെന്നതും ബഹുകക്ഷിഭരണമാണു പ്രായോഗികമാവുകയെന്നുമുള്ള സിപിഎം ജനറൽസെക്രട്ടറി പ്രകാശ് കാരാട്ടിന്റെ പുതിയ നിലപാടു സ്വാഗതാർഹമാണെങ്കിലും വൈകിയെത്തിയ വെളിപാടിതു പ്രത്യേകിച്ചു പുതുമ ഒന്നും തന്നെയില്ല. കാരണം, ബുദ്ധിയുള്ളവർ ഈ കാര്യം നേരത്തേ തന്നെ പറഞ്ഞു കഴിഞ്ഞതാണ്. സോഷ്യലിസം മനോഹരമായ ഒരു പദമാണ്. സമൂഹത്തിലെ എല്ലാ അംഗങ്ങളും തുല്യരാണ്. ആരും താണവനോ ഉയർന്നവനോ അല്ല. ശരീരത്തിലെ അവയവങ്ങൾ തുല്യമായിരിക്കുന്നതുപോലെ സമൂഹത്തിലെ അംഗങ്ങളും തുല്യരാണ്. ഇതാണു ജനകീയ സോഷ്യലിസത്തിന്റെ കാഴ്ചപ്പാട്.

എന്നാൽ, ഹിംസയിൽ ഊന്നിയുള്ള വർഗസമരമെന്ന ആശയത്തിലൂടെ എല്ലാവർക്കും ഒരേ അളവിൽ എല്ലാം ഉണ്ടായിരിക്കണമെന്ന പുത്തൻ സാമ്പത്തിക സമത്വത്തെ നിർവചിക്കുവാനാണ് ഇക്കാലമത്രയും കമ്യൂണിസ്റ്റു പാർട്ടികൾ ശ്രമിച്ചിരുന്നതും, ശ്രമിക്കുന്നതും. ഇത്തരമൊരു ദുർഘടാവസ്ഥയിൽ പാർട്ടി സെക്രട്ടറിയുടെ നിലപാടു മാറ്റത്തെ പഴയ സോഷ്യലിസ്റ്റ് മാതൃകയുടെ പരിഷ്ക്കരിച്ച പതിപ്പായി മാത്രമേ കാണേണ്ടതുള്ളു. 35 കൊല്ലം തുടർന്നുപോന്ന ബംഗാൾ ഭരണം തകർന്നു പാർട്ടിയുടെ നട്ടെല്ല് ഒടിഞ്ഞ സാഹചര്യത്തിൽ നിന്നു വേണം പഴയവീഞ്ഞു പുതിയ കുപ്പിയിൽ ആക്കുവാനുള്ള പ്രകാശ് കാരാട്ടിന്റെ ശ്രമത്തെ വിലയിരുത്തേണ്ടത്.

ജനകീയ സോഷ്യലിസത്തിൽ പാർട്ടിയും ഭരണകൂടവും ഒന്നല്ല എന്നതിന്റെ ജീവിക്കുന്ന ഉദാഹരണങ്ങളാണു കേരളത്തിന്റെ തെരുവോരങ്ങളിൽ നിന്നു പണിയെടുക്കുന്ന ബംഗാളി സഹോദരങ്ങൾ. ബംഗാളിയുടെ ഗൾഫായി കേരളവും മറ്റു ചില സംസ്ഥാനങ്ങളും മാറിയിട്ടുണ്ടെങ്കിൽ അതിനുകാരണം, എല്ലാവർക്കും എല്ലാം ഒരേ അളവിൽ ഉണ്ടായിരിക്കുന്നതാണു സാമ്പത്തിക സമത്വം എന്നു പഠിച്ചവർ, കൊടിവലിച്ചുകെട്ടി പ്രവർത്തിക്കാ

നിറങ്ങിയപ്പോൾ, ഞങ്ങൾ ചില നേതാക്കൻമാർക്ക് എല്ലാം ഒരേ അളവിൽ കൂടുതലായി ഉണ്ടാകുന്ന താണ് എന്നു കാണിച്ചു കൊടുത്തതാണ്. പാർലമെണ്ടറി ജനാധിപത്യത്തിന്റെ സകല ആനുകൂല്യങ്ങളുംപറ്റി തികച്ചും ജനാധിപത്യ വിരുദ്ധരീതിയിൽ തങ്ങളുടെ അധികാര കുത്തക സ്ഥാപിക്കുവാൻ ബംഗാളിൽ പാർട്ടി ശ്രമിച്ചപ്പോൾ, തകർന്നു പോയത് ആ നാട്ടിലെ പാവപ്പെട്ടജനങ്ങളുടെ ജീവിക്കുവാനുള്ള അവകാശമാണ്.

പാർലമെണ്ടി ജനാധിപത്യത്തിലൂടെ മുതലാളിത്തം മാത്രമേ സാധ്യമാകൂ എന്നും സോഷ്യലിസം സ്ഥാപിക്കുവാൻ സായുധ വിപ്ലവമാണ് അനിവാര്യമെന്നുമുള്ള ലെനിന്റെ നിലപാട് ഉൾക്കൊണ്ടിരുന്ന മാർക്സിസ്റ്റുപാർട്ടി പാർലമെണ്ടറി രാഷ്ട്രീയം വെറും അടവുനയം മാത്രമാണ് എന്നാണ് ഇത്രയും നാൾ അണികളെ പറഞ്ഞുപറ്റിച്ചിരുന്നത്. എന്നാൽ, സ്വന്തം വ്യക്തിത്വവും അഭിമാനവും പണയംവച്ചു നേതാക്കൻമാരുടെ ആജ്ഞകൾ ശിരസ്സാ വഹിച്ചിരുന്ന അടിയാളൻമാരുടെ കാലഘട്ടത്തിൽ നിന്ന് അനുഭാവികളെന്നും പ്രവർത്തകരെന്നും കരുതുന്ന ജനങ്ങൾ ഒരുപാടു മാറി എന്ന യാഥാർത്ഥ്യം ഇപ്പോൾ മനസ്സിലാക്കിയതു കൊണ്ടാകണം സോഷ്യലിസത്തിൽ പാർട്ടിയും ഭരണകൂടവും ഒന്നല്ല എന്നും ബഹുകക്ഷി ഭരണസംവിധാനമാണു കൂടുതൽ പ്രായോഗികമാവുകയെന്നുമുള്ള നിലപാടു പ്രഖ്യാപനത്തിലേക്കു പാർട്ടിയുടെ ജനറൽസെക്രട്ടറി എത്തിച്ചേർന്നത്.

മാർക്സ് വിഭാവനം ചെയ്യുന്ന കമ്യൂണിസ്റ്റു പറുദീസ മുതലാളി വർഗം നിലംപൊത്തുന്ന ക്ഷണത്തിൽ സംജാതമാകുന്ന ഒന്നല്ല. വിപ്ലവത്തിനും കമ്യൂണിസത്തിനുമിടയിൽ ഒരിടക്കാല സംവിധാനം അനിവാര്യമാണ്. ഇതാണു സോഷ്യലിസം. രാഷ്ട്രീയമായി തൊഴിലാളിവർഗത്തിന്റെ, അതായതു പാർട്ടിയുടെ ആധിപത്യമാണ് ഈ സംവിധാനത്തിന്റെ പ്രത്യേകത. രാഷ്ട്രം ഒരു ഭരണ സംവിധാനമായി, ഒരു ഏകീകൃത സ്രോതസ്സായി സോഷ്യലിസ്റ്റ് സംവിധാനത്തിൽ തുടരുന്നു. എന്നാൽ, അധികാരം അല്ലെങ്കിൽ ഭരണസംവിധാനം വിപ്ലവത്തിലൂടെ തൊഴിലാളികൾ കൈവശപ്പെടുത്തുന്നു. "തൊഴിലാളി ജനാധിപത്യം" എന്നു മാർക്സ് ഇതിനെ വിശേഷിപ്പിക്കുന്നു.

കമ്യൂണിസം എന്ന സ്വപ്ന സങ്കല്പത്തിനു മുമ്പുള്ള അവസ്ഥയാണു തൊഴിലാളി നേതൃത്വം നല്കുന്ന സോഷ്യലിസ്റ്റു ഗവൺമെണ്ട്. ഈ ഭരണ സംവിധാനം കുറേക്കാലത്തേക്കു മാത്രമുള്ളതാണ്.

> കമ്യൂണിസ്റ്റു സിദ്ധാന്തം പ്രയോഗത്തിൽ വൻ പരാജയമായിരുന്നു എന്നു ചരിത്രം വ്യക്തമാക്കുന്നു. ആധ്യാത്മിക, മാനസിക, വൈകാരിക, സാമൂഹിക, ഭൗതിക തലങ്ങളിലുള്ള മനുഷ്യവ്യക്തിയെ ഭൗതിക യാഥാർത്ഥ്യം മാത്രമായി തരം താഴ്ത്തുകയും സാമ്പത്തിക വീക്ഷണത്തിൽ നിന്നു മാത്രം വ്യാഖ്യാനിക്കുകയും ചെയ്തതാണു മാർക്സിസത്തിന്റെ പരാജയത്തിനുള്ള അടിസ്ഥാന കാരണം. ഈയൊരു സാഹചര്യത്തിൽ കേരള കോൺഗ്രസിന്റെ ചരിത്ര സംഭാവനയായി പ്രകീർത്തിക്കാവുന്ന കെ.എം. മാണിയുടെ അധ്വാനവർഗ സിദ്ധാന്തത്തെ പരാമർശിക്കാതിരിക്കുവാൻ കഴിയില്ല.

അതിനുശേഷം ഈ സോഷ്യലിസ്റ്റ് ഗവൺമെണ്ട് ക്രമേണ ഇല്ലാതാവുകയും കമ്യൂണിസ്റ്റ് പറുദീസ സ്വാഭാവികമായി ഉരുത്തിരിയുകയും ചെയ്യും. സോഷ്യലിസം ക്രമേണ കമ്യൂണിസത്തിനു വഴിമാറുന്നു. രാഷ്ട്രം ഒരു ഭരണസംവിധാനമായി നിലനില്ക്കുകയില്ല. മറിച്ചു സോഷ്യലിസത്തിലൂന്നിയ ഒരു പാർട്ടിചട്ടക്കൂടായി അതു മാറുന്നു. എന്നാൽ, ഇത്തരം സങ്കല്പങ്ങളും സ്വപ്നങ്ങളും എല്ലാം തകർന്നുപോകുന്ന ദയനീയ കാഴ്ചയാണ് 20-ാം നൂറ്റാണ്ടിന്റെ അവസാനമായപ്പോഴേക്കും ലോകം കണ്ടത്. പുറത്തുനിന്നുള്ള മുതലാളിത്ത വ്യവസ്ഥിതിയുടെ ആക്രമണത്തിൽ നിന്നല്ല, മറിച്ചു കമ്യൂണിസ്റ്റ് രാജ്യങ്ങളിലെ ജനങ്ങൾ വർഷങ്ങളായി അനുഭവിച്ച പീഡനത്തിനും അസ്വാതന്ത്ര്യത്തിനും അറുതിവരുത്തി ശുദ്ധവായു ശ്വസിക്കാൻ ആഗ്രഹിച്ചതിൽ നിന്നുള്ള ജനകീയ മുന്നേറ്റത്തിലാണു കമ്യൂണിസം തകർന്നത്.

തൊഴിലാളികളുടെ രക്ഷയ്ക്കായി തൊഴിലാളി സംഘടിച്ചു മുതലാളിക്കെതിരെ യുദ്ധം ചെയ്തു നേടുന്ന സർവാധിപത്യം സോഷ്യലിസ്റ്റു സമൂഹം രൂപീകരിക്കുവാൻ ആവശ്യമാണെന്നും അതിന് പീഡനവും ഹിംസയും ഉപയോഗിക്കുന്ന ഭരണകൂടത്തിന്റെ സഹായത്തോടെ, ഏതു മാർഗവും അനിവാര്യമാണെന്നും ഇതൊരു ശാസ്ത്രീയ സത്യമാണെന്നുമുള്ള മാർക്സിന്റെ ആശയം ലോകംതന്നെ തള്ളിപ്പറഞ്ഞതാണ്. എന്നാൽ, ഇക്കാലമത്രയും ഇതിന്റെ പാപഭാരവും പേറി ജീവിക്കേണ്ടി വന്നവർ ഒന്നു മടിച്ചിട്ടാണെങ്കിലും നടത്തുന്ന പ്രഖ്യാപനം ശുഭോദർക്കം തന്നെയാണ്.

മനുഷ്യവർഗത്തെ മുതലാളി - തൊഴിലാളി-മർദക ചൂഷക-വർഗങ്ങളായി മാർക്സ് വെട്ടിമുറിക്കുകയാണു ചെയ്തത്. സാഹോദര്യത്തിന്റെ ഊഷ്മള ബന്ധങ്ങൾക്കു വേണ്ടിയുള്ള മനസ്സിന്റെ ദാഹം ഉപേക്ഷിച്ചു സിരകളിൽ വർഗവിദ്വേഷം അടിച്ചുകയറ്റി പടവാളേന്താൻ ആഹ്വാനം ചെയ്യുകയായിരുന്നു മാർക്സ് ചെയ്തത്.

>> 40

ആഖ്യാനം

സവ്യസാചി




**ഗോ**ത്രപിതാവായ യാക്കോബിനു ലെയായിൽ ജനിച്ച ആറു പുത്രന്മാരിൽ നാലാമനായിരുന്നു യൂദാ.

യാക്കോബിനു ഭാര്യമാർ രണ്ടായിരുന്നു. ലെയായും റാഹേലും. ജ്യേഷ്ഠത്തിയും അനുജത്തിയും. യാക്കോബിന്റെ അമ്മ റെബേക്കായുടെ സഹോദരൻ ലാബാന്റെ പുത്രിമാർ. രണ്ടു പേരെയും യാക്കോബിനു വിവാഹം ചെയ്യേണ്ടിവന്നതിന്റെ പിന്നിൽ രസകരമായ മറ്റൊരുകഥയുണ്ട്.

പിതാവായ അബ്രാഹമിന്റെ മകൻ ഇസഹാക്കിന്റെ രണ്ടുപുത്രന്മാരിൽ ഇളയവനായിരുന്നല്ലൊ യാക്കോബ്. മൂത്തവൻ ഏസോവ്. രണ്ടുപേരുടെയും ജനനം മാതാപിതാക്കളുടെ വാർധക്യകാലത്തായിരുന്നത്രെ. ഏറെക്കാലം വന്ധ്യയായിരുന്ന റെബേക്കായെ കടാക്ഷിക്കണേയെന്ന് ഇസഹാക്കു കർത്താവിനോടു നിരന്തരം പ്രാർത്ഥിച്ചു പോന്നു. കർത്താവു പ്രാർത്ഥനകേട്ടപ്പോൾ യാക്കോബിനു പ്രായം അറുപത്. എങ്കിലും റെബേക്കായുടെ ഉദരത്തിൽ ജന്മം കൊണ്ടതു രണ്ടു പുത്രന്മാർ.

രണ്ടുപേരും അമ്മയുടെ ഉദരത്തിൽ വച്ചുമുതലേ വഴക്കു തുടങ്ങിയിരുന്നത്രെ. മക്കൾ പരസ്പരം വഴക്കാളികളായി മാറുമോ എന്ന് ആ അമ്മ പേടിച്ചു. അമ്മയുടെ ഉദരത്തിൽ നിന്ന് ആദ്യം പുറത്തെത്തിയത് ഏസോവായിരുന്നു. അവന്റെ പിന്നാലെ ചേട്ടന്റെ കുതികാലിൽ പിടിച്ചുകൊണ്ട് അനുജൻ യാക്കോബും.

ഏസോവിന്റെ നിറം നല്ല ചുവപ്പ്. ദേഹം മുഴുവൻ രോമക്കുപ്പായമിട്ടതുപോലെ നിറയെ രോമം. യാക്കോബ് സൗമ്യനും ശാന്തശീലനും. മഹാ കുസൃതിയായ ഏസോവിനെക്കാൾ റെബേക്കായ്ക്കിഷ്ടം യാക്കോബിനോടായിരുന്നു.

അച്ഛനെയും അമ്മയെയും അനുസരിക്കാതെ ഏസോവു താന്തോന്നിയും ധിക്കാരിയുമായി വളർന്നുവന്നു. അനുജനെ അവനെപ്പോഴും ഉപദ്രവിക്കും. യാക്കോബിനു കരയാനും പരാതിപറയാനുമേ നേരമുണ്ടായിരുന്നുള്ളു. മൂത്തവന്റെ പീഡനങ്ങളിൽനിന്ന് ഇളയവനെ സംരക്ഷിക്കാൻ റെബേക്കാ ഏറെ പാടുപെട്ടു.

## 6 ഏസോവിന്റെ ചർമവും യാക്കോബിന്റെ ശബ്ദവും

ഇസഹാക്കിന്റെ സ്ഥിതി മറിച്ചായിരുന്നു. ധിക്കാരിയാണെങ്കിലും ഏസോവിന്റെ പൗരുഷം മുറ്റിയ പ്രകൃതം ഇസഹാക്കിനെ ഉള്ളിൽ സന്തോഷിപ്പിച്ചു. അവൻ നായാട്ടിൽ അതിവിദഗ്ധനായിരുന്നു. ഉന്നം തെറ്റാത്ത കവണക്കല്ലേറിൽ അവനെ ജയിക്കാൻ ആർക്കും കഴിയുമായിരുന്നില്ല. നിർഭയനും പരാക്രമശാലിയും. ദിവസവും കാട്ടിൽ പോയി മൃഗങ്ങളെ വേട്ടയാടിക്കൊണ്ടുവന്ന ഏസോവു പിതാവിന്റെ ഭക്ഷണം സമൃദ്ധമാക്കി. ഇസഹാക്ക് അവനിൽ സംപ്രീതനായി.

പ്രായം തികഞ്ഞപ്പോൾ ഏസോവു വിവാഹിതനായി. അയാൾ രണ്ടു ഭാര്യമാരെ സ്വീകരിച്ചു. യൂദിത്തും ബാസ്മത്തും. രണ്ടുപേരും എന്നും തമ്മിൽ കടിപിടികൂടി. എങ്കിലും ഭർത്താവിനെ സ്നേഹിക്കുന്നതിൽ മത്സരിക്കുകയും ചെയ്തു. ശിക്ഷ മുഴുവൻ അനുഭവിക്കേണ്ടി വന്നതു വൃദ്ധരായ റെബേക്കയും ഇസഹാക്കുമായിരുന്നു. ഒരു നേരവും സ്വൈരം കിട്ടിയില്ല. പുത്രഭാര്യമാർ രണ്ടുപേരും ചേർന്നു വൃദ്ധമാതാപിതാക്കളുടെ ജീവിതം നരകമാക്കി.

ഇതെല്ലാം കണ്ടു സഹികെട്ട യാക്കോബ് ഒരുകാര്യം തീരുമാനിച്ചു. വിവാഹം ചെയ്യുന്നില്ല. ചേട്ടന്റെ ഭാര്യമാർ, ഇനിയൊരു പെൺകുട്ടികൂടി അവിടേക്കു വന്നാൽ, കൊലപാതകം കൂടി ഉണ്ടാക്കിയേക്കാം എന്നയാൾ ഭയപ്പെട്ടു. അപ്പനെയും അമ്മയെയും തന്നാലാവതു ശുശ്രൂഷിച്ചുകൊണ്ട്, മോശയുടെ പ്രമാണങ്ങൾ വാഗ്ദാനം ചെയ്യുന്ന നല്ലപ്രായത്തോളം ഭൂമിയിൽ ഇരിക്കാം എന്നയാൾ തീരുമാനിച്ചു.

അങ്ങനെയിരിക്കെയാണു യാക്കോബിന്റെ ജീവിതത്തിൽ പുതിയൊരു വഴിത്തിരിവുണ്ടായത്. നമ്മൾ മനുഷ്യർ തീരുമാനിക്കും പോലെയല്ലല്ലൊ കാര്യങ്ങൾ നീങ്ങുക. മനുഷ്യൻ പദ്ധതികൾ ആസൂത്രണം ചെയ്യുന്നു. പക്ഷേ, അന്തിമ തീരുമാനം കർത്താവിന്റേതാണ്.



കണ്ണുകളുടെ കാഴ്ചനഷ്ടപ്പെട്ടുപോയ ഇസഹാക്ക് മകനെ ആശ്ലേഷിച്ചു, ചുംബിച്ചു. ദേഹമാകെ വീണ്ടും തടവിനോക്കി. അവന്റെ ഉടുപ്പു മണത്തു നോക്കി. ഏസോവുതന്നെ എന്നുറപ്പാക്കി.

പിതാക്കന്മാർ അന്ത്യമടുത്തു എന്നു തോന്നുമ്പോൾ മക്കളെ അടുത്തു വിളിച്ച്അവർക്ക് അന്ത്യോപദേശവും അനുഗ്രഹവും നല്കുക യഹൂദർക്കിടയിൽ പരമ്പരാഗതമായുള്ള ആചാരമാണ്. അങ്ങനെയാണുതു സംഭവിച്ചത്.

അതിവൃദ്ധനായ ഇസഹാക്കിനു തന്റെ മരണസമയം അടുത്തിരിക്കുന്നു എന്നു തോന്നി. ഒരു ദിവസം സായാഹ്നത്തിൽ അദ്ദേഹം മൂത്തമകൻ ഏസോവിനെ അരികിൽ വിളിച്ചുപറഞ്ഞു: മകനേ, ഇനി ഏറെ നാളൊന്നും എനിക്കവശേഷിച്ചിട്ടില്ല. ഇന്നോ നാളെയോ നാളെ കഴിഞ്ഞോ എന്നൊന്നും കൃത്യമായി പറയാൻ വയ്യെങ്കിലും ഒരു കാര്യം തീർച്ചയാണ്-എനിക്ക് എന്റെ പിതാക്കന്മാരോടു ചേരാൻ സമയമായി.

മരിക്കുന്നതിനുമുമ്പ് എന്റെ പിതാക്കന്മാർ ചെയ്തതുപോലെ ഞാനും നിന്നെ അനുഗ്രഹിക്കണം. ജീവിതം സമൃദ്ധവും സമ്പന്നവുമായിരിക്കാൻ ഓരോരുത്തർക്കും അവരവരുടെ കാരണവന്മാരുടെ ആശീർവാദവും അനുഗ്രഹവും ഉണ്ടായിരിക്കണം. നീ നാളെ രാവിലെ കാട്ടിൽ പോയി വേട്ടയാടി നല്ല കാട്ടിറച്ചികൊണ്ടുവന്നു കറിവച്ച് എനിക്കുതരണം. അതു ഭക്ഷിച്ചു കഴിഞ്ഞു ഞാൻ എന്റെ അനുഗ്രഹം നിനക്കുതരും.

കർത്താവിന്റെ കൃപ എന്നുതന്നെ പറയട്ടെ, ഇസഹാക്കും ഏസോവും തമ്മിലുള്ള ഈ സംഭാഷണം റെബേക്കാ കേൾക്കാനിടയായി. അവൾക്കതു സഹിക്കാൻ കഴിഞ്ഞില്ല. നല്ലവനും ശാന്തശീലനുമായ യാക്കോബിനെ ഒഴിവാക്കി ഭർത്താവു ഏസോവിനെ അനുഗ്രഹിക്കാൻ പോകുന്നു. എന്തും ചെയ്യാൻ മടിയില്ലാത്ത, മാതാപിതാക്കളോടും സഹോദരനോടും യാതൊരു സ്നേഹവുമില്ലാത്ത ആ തലേക്കല്ലനെയാണല്ലോ കർത്താവേ, അദ്ദേഹം അനുഗ്രഹിക്കാൻ പോകുന്നത്. അതു സംഭവിച്ചാൽ പാവം യാക്കോബിന്റെ ജീവിതം തകർന്നുപോകും. അതനുവദിക്കാൻ പാടില്ല.

റെബേക്കാ, യാക്കോബിനെ അടുത്തു വിളിച്ചു പറഞ്ഞു: മകനേ, നിന്റെ അപ്പനു പ്രായം വളരെയായിരിക്കുന്നു. എന്നാണു ദൈവം അങ്ങേരെ വിളിക്കുക എന്നറിയില്ല. ഇപ്പോൾതന്നെ കണ്ണു കാണില്ല. ഇനി ചെവിയും കേൾക്കാതാകും. അതിനുമുമ്പു നീ അപ്പന്റെ അന്തിമാനുഗ്രഹം വാങ്ങണം. നാളെ രാവിലെ നിന്റെ ആട്ടിൻ കൂട്ടത്തിൽ നിന്ന് ഒരു നല്ല മുട്ടനാടിനെ കൊണ്ടുവരണം. ഞാനതിനെ പാകപ്പെടുത്തി തരാം. അതു പിതാവിന്റെ മുമ്പിൽ കൊണ്ടുചെന്നു കൊടുക്കണം. അദ്ദേഹം അതു ഭക്ഷിച്ചു തൃപ്തനായി നിന്നെ അനുഗ്രഹിക്കും.

അയ്യോ, അതെങ്ങനെയാണമ്മേ? അപ്പൻ എന്നെ ആശ്ലേഷിക്കുമ്പോൾ അദ്ദേഹത്തിനു മനസ്സിലാവില്ലേ ഞാൻ യാക്കോബാണെന്ന്? എന്റെ ദേഹം രോമങ്ങൾ കുറഞ്ഞതല്ലേ? ചേട്ടന്റെ ശരീരം മുഴുവൻ കാട്ടാടിന്റെപോലെ രോമം നിറഞ്ഞതല്ലേ? അപ്പോൾ അനുഗ്രഹത്തിനു പകരം ഞാൻ ശാപം വാങ്ങേണ്ടിവരില്ലേ?

ഇല്ല മകനേ, അങ്ങനെയൊന്നും സംഭവിക്കില്ല. അതിനു ഞാൻ വഴി കണ്ടിട്ടുണ്ട്. നീ ഞാൻ പറഞ്ഞതുപോലെ ചെയ്യുക. നിന്നെത്തേടിവരുന്ന അനുഗ്രഹം നീ നഷ്ടപ്പെടുത്തരുത്. കാര്യംകഴിഞ്ഞു പിന്നെ ഓർത്തോർത്തു ദുഃഖിച്ചാൽ പ്രയോജനമുണ്ടാവില്ല.

എന്നാലും അമ്മേ, ഇതൊരു ചതിയല്ലേ? യാക്കോബിന് അമ്മയുടെ പദ്ധതി മനസ്സിലായില്ല. എന്നല്ല, ജ്യേഷ്ഠനെ വഞ്ചിച്ച് അനുഗ്രഹം വാങ്ങുന്നതു പാപമാകില്ലേ, ദൈവശിക്ഷ വിളിച്ചു വരുത്തില്ലേ എന്നൊക്കെ അയാൾ ഭയപ്പെടുകയും ചെയ്തു.

മകനേ, നിന്നെ പെറ്റുവളർത്തിയ അമ്മയാണുപറയുന്നത്. കർത്താവിന്റെ ഇഷ്ടമാണു ഞാൻ ചെയ്യുന്നത്. നിന്നിലൂടെയാണ് അബ്രാഹത്തിന്റെ വംശപരമ്പര നിലനില്ക്കേണ്ടത്. കർത്താവു ദുഷ്ടന്മാരെ ഇഷ്ടപ്പെടുന്നില്ല. എന്നെങ്കിലും അവരെ അവിടുന്നു ശിക്ഷിക്കാതിരിക്കില്ല. നിന്റെ ജേഷ്ഠൻ ഏസോവ് ദുഷ്ടനാണ്. അവൻ മാതാപിതാക്കളെ അനുസരിക്കുന്നില്ല, സ്നേഹിക്കുന്നില്ല. കർത്താവിനെ ഭയപ്പെടുന്നില്ല. വേഗം പോകൂ, ആട്ടിൻകുട്ടിയെകൊണ്ടുവരൂ.

യാക്കോബു മനസ്സില്ലാമനസ്സോടെയാണെങ്കിലും അമ്മ പറഞ്ഞതനുസരിച്ചു. അവൻ ആട്ടിൻ പറ്റത്തിൽ നിന്ന് ഏറ്റവും നല്ല മുട്ടാടിനെ കൊണ്ടുവന്ന് അമ്മയെ ഏല്പിച്ചു.

മകനേ, നിന്നെ പെറ്റുവളർത്തിയ അമ്മയാണുപറയുന്നത്. കർത്താവിന്റെ ഇഷ്ടമാണു ഞാൻ ചെയ്യുന്നത്. നിന്നിലൂടെയാണ് അബ്രാഹത്തിന്റെ വംശപരമ്പര നിലനില്ക്കേണ്ടത്. കർത്താവു ദുഷ്ടന്മാരെ ഇഷ്ടപ്പെടുന്നില്ല. എന്നെങ്കിലും അവരെ അവിടുന്നു ശിക്ഷിക്കാതിരിക്കില്ല. നിന്റെ ജേഷ്ഠൻ ഏസോവ് ദുഷ്ടനാണ്. അവൻ മാതാപിതാക്കളെ അനുസരിക്കുന്നില്ല, സ്നേഹിക്കുന്നില്ല. കർത്താവിനെ ഭയപ്പെടുന്നില്ല. വേഗം പോകൂ, ആട്ടിൻകുട്ടിയെകൊണ്ടുവരൂ.

റെബേക്കാ ആട്ടിൻകുട്ടിയെ കൊന്ന് ഇസഹാക്കിന് ഇഷ്ടപ്പെട്ട രീതിയിൽ പാകം ചെയ്തു. ഏറ്റവും രുചികരമായ വിധത്തിൽ ഗോതമ്പപ്പവും ചുട്ടെടുത്തു. പാത്രം നിറയെ മുന്തിയ വീഞ്ഞും എടുത്തു. പിന്നെ യാക്കോബിനെ അടുത്തു വിളിച്ച് ഏസോവിന്റെ വസ്ത്രമെടുത്ത് അവനെ ധരിപ്പിച്ചു. അവന്റെ കൈകൾ ആട്ടിൻതോലുകൊണ്ടു പൊതിഞ്ഞു. മിനുസമുള്ള കഴുത്തിന്റെ ഭാഗവും തോൽകൊണ്ടുമൂടി. പിന്നെ പറഞ്ഞു:

നീ ഇതുകൊണ്ടുപോയി അപ്പന്റെ മുമ്പിൽ വച്ച് അനുഗ്രഹം അപേക്ഷിക്കുക. ശബ്ദം താഴ്ത്തി സംസാരിച്ചാൽ മതി. അപ്പൻ ആശ്ലേഷിക്കാനൊരുങ്ങുമ്പോൾ കൈകൾ നീട്ടിക്കൊടുക്കുക. ഏസോവ് കാട്ടിൽനിന്നു തിരിച്ചെത്താറായി. വേഗം പോയി അനുഗ്രഹം വാങ്ങ്.

യാക്കോബ് ഇറച്ചിയും അപ്പവും വീഞ്ഞും ഇസഹാക്കിന്റെ മുമ്പിൽ കൊണ്ടുപോയി വച്ചു. ശബ്ദം കേട്ട് 'ആരാത്' എന്നദ്ദേഹം അന്വേഷിച്ചു.

അപ്പോൾ യാക്കോബു പറഞ്ഞു:

അപ്പാ ഞാനാണ് അങ്ങയുടെ മൂത്തമകൻ ഏസോവ്. അപ്പൻപറഞ്ഞതനുസരിച്ചു ഞാനിതാ അപ്പവും ഇറച്ചിയും വീഞ്ഞും കൊണ്ടുവന്നിരിക്കുന്നു. ഇതു ഭക്ഷിച്ച് എന്നെ അനുഗ്രഹിക്കണം.

ഇത്രപെട്ടെന്നു നിനക്കിന്ന് എങ്ങനെ ഇറച്ചി കിട്ടി? ഇസഹാക്കു സംശയിച്ചുകൊണ്ടു ചോദിച്ചു. ഞാൻ കാട്ടിലേക്കു ചെന്നതേ അങ്ങയുടെ കർത്താവായ ദൈവം ഇതിനെ എന്റെ മുമ്പിൽ വരുത്തിത്തന്നു. ഞാനതിനെ വേട്ടയാടി പിടിച്ചു കൊണ്ടുപോന്നു.

നീ ഏസോവുതന്നെയോ മകനേ? ഇസഹാക്കു സംശയം തീരാതെ വീണ്ടും ചോദിച്ചു. അതേ അപ്പാ, ഞാൻ അപ്പന്റെ ആദ്യജാതൻതന്നെ- യാക്കോബു മറുപടിപറഞ്ഞു.

എന്നിട്ടും വിശ്വാസം വരാതെ അദ്ദേഹം യാക്കോബിന്റെ കൈകളും തലയുമൊക്കെ തടവിനോക്കി. പിന്നെ ഇങ്ങനെ നെടുവീർപ്പിട്ടു: ഏസോവിന്റെ ചർമവും യാക്കോബിന്റെ ശബ്ദവും!

നീ കാട്ടിറച്ചി ഇങ്ങു നീക്കി വയ്ക്കുക. ഞാനതു ഭക്ഷിച്ചു നിന്നെ അനുഗ്രഹിക്കാം.

യാക്കോബ് ഇറച്ചിക്കറിയും അപ്പവും പിതാവിന്റെ മുമ്പിലേക്കു നീക്കിവച്ചു. ഇസഹാക്കു വളരെ രുചിയോടെ ഭക്ഷിച്ചു. തൃപ്തിയാകുവോളം വീഞ്ഞും കുടിച്ചു. പിന്നെ കൈകഴുകിത്തുടച്ചുകൊണ്ടു യാക്കോബിനോടു പറഞ്ഞു. മകനേ അടുത്തുവരിക, വന്നെന്നെ ചുംബിക്കുക.

കണ്ണുകളുടെ കാഴ്ചനഷ്ടപ്പെട്ടുപോയ ഇസഹാക്ക് മകനെ ആശ്ലേഷിച്ചു, ചുംബിച്ചു. ദേഹമാകെ വീണ്ടും തടവിനോക്കി. അവന്റെ ഉടുപ്പു മണത്തു നോക്കി. ഏസോവുതന്നെ എന്നുറപ്പാക്കിയശേഷം ഇങ്ങനെ അനുഗ്രഹിച്ചു:

*മകനേ, എന്റെയും എന്റെ*
*പിതാക്കന്മാരുടെയും കർത്താവായ*
*ദൈവം നിന്നെ അനുഗ്രഹിക്കട്ടെ.*
*ആകാശത്തിന്റെ മഞ്ഞും*
*ഭൂമിയുടെ ഫലപുഷ്ടിയും*
*അവിടുന്നു നിനക്കുനല്കട്ടെ.*
*ധാന്യങ്ങളും മുന്തിരിയും നിനക്കു*
*സമൃദ്ധമായി വിളയട്ടെ.*
*ജനതകൾ നിനക്കു ശുശ്രൂഷ ചെയ്യട്ടെ.*
*രാജ്യങ്ങൾ നിന്റെ മുമ്പിൽ തലകുനിക്കട്ടെ.*
*നിന്റെ സഹോദരന്മാർക്കു നീ*
*നേതാവായിരിക്കട്ടെ.*
*നിന്റെ അമ്മയുടെ പുത്രന്മാർ*
*നിന്റെ മുമ്പിൽ ശിരസ്സു നമിക്കട്ടെ.*
*നിന്നെ ശപിക്കുന്നവൻ*
*ശപിക്കപ്പെട്ടവനാകട്ടെ.*
*നിന്നെ അനുഗ്രഹിക്കുന്നവൻ*
*അനുഗൃഹീതനാവട്ടെ.*

*(തുടരും)*

## വിജ്ഞാനം

# ലോകത്തെ മാറ്റിമറിച്ച കൊളംബിയൻ കൈമാറ്റം



**ഭൂ**മിയിലെ വിവിധങ്ങളായ സംസ്കാരം, ജൈവവ്യവസ്ഥ, കൃഷി എന്നിവയെ നിർണായകമായി സ്വാധീനിച്ച സംഭവങ്ങളിലൊന്നാണു കൊളംബിയൻ കൈമാറ്റം. അടിമകൾ, ചെടികൾ, ജന്തുക്കൾ, ഭക്ഷ്യവസ്തുക്കൾ, പകർച്ചവ്യാധികൾ, ആശയങ്ങൾ എന്നിവ 16-ാം നൂറ്റാണ്ടു മുതൽ ഭൂമിയിലെ രണ്ട് അർധഗോളങ്ങൾക്കിടയിൽ പരക്കാൻ തുടങ്ങിയ പ്രതിഭാസത്തെയാണ് ഈ വാക്കു കൊണ്ടു വിശേഷിപ്പിക്കുന്നത്. 1492ൽ ക്രിസ്റ്റഫർ കൊളംബസ് അമേരിക്കയിൽ എത്തിയതിനുശേഷം കോളനിവാഴ്ചയ്ക്കൊപ്പമാണ് ഈ കൈമാറ്റം അരങ്ങേറിയത്. ഗുണത്തിനായാലും ദോഷത്തിനായാലും ലോകത്തെ എല്ലാ സമൂഹങ്ങളെയും അതു സ്വാധീനിച്ചു. ഇതിന്റെ ഫലമായി ജൈവവ്യവസ്ഥയിലാണ് ഏറ്റവുമധികം മാറ്റമുണ്ടായത്. അസംഖ്യം സസ്യജാതികൾ മറുനാടുകളിൽ പ്രചരിച്ചു. മൃഗങ്ങളും ആ വഴി തന്നെ എത്തി.

ഉരുളക്കിഴങ്ങ്, ചോളം, തക്കാളി, മുളക് , എരിവില്ലാത്ത ചുവന്ന മുളകായ പപ്രിക്ക, റബർ, പൈനാപ്പിൾ, മരച്ചീനി, പപ്പായ, അമരപ്പയർ, ബീൻസ്, കശുവണ്ടി, കൊക്കോ, നിലക്കടല, മത്തൻ, സൂര്യകാന്തി, മധുരക്കിഴങ്ങ്, പുകയില, വാനില തുടങ്ങിയവയെല്ലാം തെക്കേ അമേരിക്കയിൽ നിന്ന് മറ്റു ഭൂഖണ്ഡങ്ങളിലെത്തി.

ബാർലി, വാഴ, കാബേജ്, കോളിഫ്ളവർ, കാപ്പി, നാരങ്ങ, വെളുത്തുള്ളി, മുതിര, ഉള്ളി, നെല്ല്, കരിമ്പ്, ഗോതമ്പ് തുടങ്ങിയവ ലാറ്റിനമേരിക്കയിലുമെത്തി. കുതിര, കന്നുകാലികൾ, ആട്, ഒട്ടകം, മുയൽ, എലി തുടങ്ങിയ ജന്തുക്കളും അവർക്കു ലഭിച്ചു.

കോളറ, ഇൻഫ്ളുവൻസ, മലേറിയ, നിദ്രാമാരി, വസൂരി, ക്ഷയം, ടൈഫോയ്ഡ് തുടങ്ങിയ രോഗങ്ങളും ഇതോടൊപ്പം ലാറ്റിനമേരിക്കയിലെത്തി. അസംഖ്യം തദ്ദേശീയരെ അവ കൊന്നൊടുക്കുകയും ചെയ്തു! ❖



# അലക്കുകാരന്റെ കഴുത

ഒരു അലക്കുകാരൻ ഒരു കഴുതയെ വളർത്തിയിരുന്നു. നാട്ടിലുള്ള വിഴുപ്പുഭാണ്ഡങ്ങൾ മുഴുവൻ ചുമന്ന് അലക്കുകാരന്റെ വീട്ടിൽ എത്തിക്കണം. ഇതായിരുന്നു കഴുതയ്ക്കുള്ള പണി. കഴുതയെക്കൊണ്ട് അലക്കുകാരൻ കഠിനമായി പണിയെടുപ്പിച്ചു. പക്ഷേ, വേണ്ടത്ര ഭക്ഷണം കഴുതയ്ക്കു കൊടുത്തിരുന്നില്ല. ജോലിക്കൂടുതലും ഭക്ഷണക്കുറവുമായപ്പോൾ കഴുത ക്ഷീണിച്ചു മെലിഞ്ഞു. ഇങ്ങനെയായാൽ അധികനാൾ കഴിയും മുമ്പേ കഴുതയുടെ കഥതീരും.

അലക്കുകാരൻ ഒരു കുതന്ത്രം പ്രയോഗിച്ചു. കഴുതയുടെ ദേഹം ഒരു പുലിത്തോലുകൊണ്ടു പൊതിഞ്ഞ് അവനെ അഴിച്ചുവിട്ടു. അത് അടുത്ത പാടത്തും പറമ്പിലുമൊക്കെക്കടന്നു പുല്ലും വിളയുമൊക്കെ യഥേഷ്ടം തിന്നാൻ തുടങ്ങി. കണ്ടവരൊക്കെ പുലിയാണെന്നു കരുതി ഭയപ്പെട്ടു മാറിനിന്നു. നല്ല ഭക്ഷണം വയറു നിറയെ കിട്ടിയപ്പോൾ കഴുത തടിച്ചുകൊഴുത്തു.

ഒരു ദിവസം അടുത്തൊരു പാടത്തു കടന്നു കഴുത മേഞ്ഞുകൊണ്ടിരിക്കുകയായിരുന്നു. വയലിന്റെ ഉടമ ഇതുകണ്ടു ഭയന്നു. തന്റെ പാടത്തു കടന്നുകയറിയ പുലിയുടെ കണ്ണിൽപെടാതെ തന്റെ തലപ്പാവഴിച്ച് ആകെ പൊതച്ചുമൂടി മണ്ടിമണ്ടി നടക്കാൻ



തുടങ്ങി.

പുതച്ചുമൂടി നീങ്ങുന്ന കൃഷിക്കാരനെക്കണ്ട്, അതൊരു പെൺകഴുതയാണെന്നു കരുതി പുലിവേഷക്കാരനായ കഴുത കൃഷിക്കാരന്റെ പിറകെ ഓടിയടുക്കാൻ തുടങ്ങി. പിറകെ വരുന്നതു പുലിയാണെന്നു കരുതി കൃഷിക്കാരൻ വേഗത്തിലോടാൻ തുടങ്ങി.

ഇതുകണ്ടപ്പോൾ തന്റെ പുലിവേഷം കണ്ടു പെൺകഴുത ഓടി രക്ഷപ്പെടുകയാണെന്നാണ് അലക്കുകാരന്റെ കഴുത വിചാരിച്ചത്. അതുകൊണ്ടു താനാരെന്നു പെൺകഴുതയെ മനസ്സിലാക്കണം. എന്നുറച്ച് അവൻ തന്റെ പുലിവേഷമൊക്കെ കുടഞ്ഞെറിഞ്ഞു പെൺകഴുതയെ ഉറക്കെ വിളിക്കാൻ തുടങ്ങി. കള്ളിവെളിച്ചത്തായപ്പോൾ കൃഷിക്കാരൻ തിരിഞ്ഞുനിന്നു കഴുതയെ പൊതിരെ തല്ലി. അടിയേറ്റു കഴുതയുടെ കഥകഴിഞ്ഞു. ❑

*(11 -ാം പേജിൽ നിന്നു തുടർച്ച)*

# വെന്തെരിഞ്ഞ ചന്ദനം പോൽ മാഷ്

കോടതിയിൽ പ്രതിയായി പോകുന്നതൊഴിവാകാൻ എന്തെങ്കിലും ചെയ്യണമെന്ന് അടുപ്പമുള്ളവർ അദ്ദേഹത്തോടഭ്യർത്ഥിച്ചു. ആദ്യം മാഷ് നിരസിക്കുകയാണുണ്ടായത്. കേസും കോട്ടയത്തായിരുന്നു. അവസാനം മാഷ് എന്നെ ഫോണിൽ വിളിച്ചു.

ഐ.എം.എ നേതാവിനോടു സംസാരിച്ചു കേസ് ഒത്തുതീർപ്പാക്കാൻ കഴിയുമോയെന്നു ചോദിച്ചു. ഞാനതനുസരിച്ചു കേസ് കൊടുത്ത ഡോക്ടറോടു സംസാരിച്ചു. അദ്ദേഹത്തിനു പാതിസമ്മതമായി. പക്ഷേ, ഐഎംഎ പ്രസിഡണ്ട് അനുവദിക്കണം. അദ്ദേഹത്തിന്റെ നിർദേശമനുസരിച്ചു കണ്ണൂരുള്ള സംസ്ഥാന നേതാവിനോടും ഇക്കാര്യം ഞാൻ ചർച്ച ചെയ്തു. 'സംസ്ഥാനം' അമ്പിനും വില്ലിനും അടുത്തില്ല. വിവരം അറിഞ്ഞപ്പോൾ മാഷ് പൊട്ടിത്തെറിച്ചു. അവർ കേസ് തുടരട്ടെ. നമുക്കു നോക്കാം. പക്ഷേ, കേസ് പിന്നീടു തള്ളിപ്പോവുകയായിരുന്നു.

വിമലാ ബുക്സ് പ്രസിദ്ധീകരിച്ച എന്റെ 'തെറ്റും തിരുത്തും' എന്ന ലേഖന സമാഹാര ഗ്രന്ഥത്തിന്റെ അവതാരിക മാഷാണ് എഴുതിയത്. തന്റെ കയ്യക്ഷരം വളരെ മോശമാണെന്നു മാഷിനറിയാം. അടുത്തയാഴ്ച കോട്ടയത്തു വരുമ്പോൾ അവതാരികയുടെ പ്രൂഫും താൻ തന്നെ നോക്കാമെന്നേറ്റിരുന്നു. എന്നെപ്പറ്റി പറയുന്നതിൻ ഒരു സ്പെല്ലിംഗ് മിസ്റ്റേക് പോലും പാടില്ലെന്നുള്ള താത്പര്യമാണതിൽ കണ്ടത്. അദ്ദേഹം അവതാരികയിൽ എഴുതിയ ചില വരികൾ കൂടി എടുത്തെഴുതുന്നതിൽ ഇപ്പോൾ തെറ്റില്ലെന്നു തോന്നുന്നു

“അക്ഷരത്തിന്റെ അനേകരംഗങ്ങളിൽ ഒരേ കാലത്തു വിഹരിക്കുന്ന ധിഷണാശാലിയായ ഒരെഴുത്തുകാരനാണു മാടവന ബാലകൃഷ്ണപിള്ള. മൂന്നു ദശാബ്ദത്തിലേറെ കാലം മുടങ്ങാതെ ആഴ്ചതോറും ദേശീയവും അന്തർദേശീയവും രാഷ്ട്രീയവും സാംസ്കാരികവും വ്യക്തിപരവും ആയ നിരവധി വിഷയങ്ങളെപ്പറ്റി കുറിപ്പുകൾ എഴുതി റിക്കാർഡ് സൃഷ്ടിച്ചു ലോകശ്രദ്ധയിൽപെട്ട ഒരു പത്രപ്രവർത്തകൻ. ഞാൻ അടുത്തകാലത്തു വായിച്ച മാനവ ക്രൂരതയുടെ ഏറ്റവും ഭീകരമായ കഥ ഈ പുസ്തകത്തിലുള്ളതാണ്. എത്ര നാളുകൾ കഴിഞ്ഞാലും ഇതു മനസ്സിനുണ്ടാക്കിയ പ്രത്യാഘാതത്തിനു കുറവു വരില്ല.”



ഭൗതികശരീരം സംസ്കരിക്കുന്നതിനുള്ള ഇടം സംബന്ധിച്ചായിരുന്നു വിവാദം. ചിതയൊരുക്കൽ തൃശൂരിൽ വേണമോ കണ്ണൂരിൽ വേണമോ എന്നുള്ള തർക്കം ചൂടുപിടിച്ചപ്പോൾ സംസ്ഥാന സർക്കാരിനു തന്നെ ഇടപെടേണ്ടി വന്നുവെന്നുള്ളതും പ്രകൃതി നിയമം. വിവാദത്തോടു കൂടിയുള്ള അന്ത്യയാത്ര! ഈ പരിണാമങ്ങളിലും മാഷ് ഗൂഢമായി ചിരിച്ചാഹ്ലാദിക്കുന്നുണ്ടായിരിക്കും. അതെന്തായാലും വെന്തെരിഞ്ഞ ചന്ദനം പോലെ മാഷിന്റെ ചൈതന്യധന്യമായ സുഗന്ധം ഒരാവേശമായി നമുക്കു ചുറ്റും എന്നും വീശിയടിക്കുന്നുവെന്നുള്ളതിൽ സംശയമില്ല.

സത്യത്തിൽ, മലയാളത്തിന്റെ ആ മഹാശബ്ദം എന്നെ ഒരു ജ്ഞാനപീഠത്തിലേക്ക് ആ വാക്കുകളിലൂടെ ഉയർത്തുകയായിരുന്നു. അതും അളന്നു തൂക്കി വാക്കുകൾ പ്രയോഗിക്കുന്ന മാഷിന്റെ പൊൻതൂലികയിൽ നിന്നാകുമ്പോൾ ആനന്ദലബ്ധിക്ക് എനിക്കു മറ്റെന്താണു വേണ്ടത്?

മറ്റൊരനുഭവം. ദൂരദർശനിൽ ജസ്റ്റീസ് കെ.ടി. തോമസിനെ ഒരു രാത്രി തത്സമയ സംപ്രേഷണത്തിലൂടെ ഞാൻ ഇന്റർവ്യൂ നടത്തുകയായിരുന്നു. മാഷ് ഫോണിലൂടെ തത്സമയം വിളിച്ചു ഞങ്ങളെപ്പറ്റി നല്ല അഭിപ്രായം പറഞ്ഞതു കേട്ട പ്രേക്ഷകർ പോലും അത്ഭുതപ്പെട്ടിരുന്നു. അഴീക്കോട് മാഷ് നേരിട്ടു ഫോൺ വിളിച്ച് ഒരു ടെലിവിഷൻ പരിപാടിയിൽ പങ്കെടുക്കുകയോ? ജസ്റ്റീസ് കെ.ടി. തോമസിനോടും എന്നോടുമുള്ള താത്പര്യമായിരുന്നു ആ ഫോൺ വിളിക്കാധാരം.

മലയാള മനോരമ പബ്ലിഷർ മാമ്മൻ വർഗീസ് ചെയർമാനായുള്ള ഡോ. ആനീബസന്റ് ഫൗണ്ടേഷൻ, പത്രപ്രവർത്തനത്തിലെ സമഗ്രസംഭാവനയ്ക്കുള്ള അവാർഡ് എനിക്കാണു പ്രഖ്യാപിച്ചത്. ജഡ്ജിംഗ് കമ്മിറ്റിയുടെ ചെയർമാൻ അഴീക്കോട് മാഷായിരുന്നു. മാത്രവുമല്ല, കോട്ടയത്തു നടന്ന അവാർഡ് ദാനചടങ്ങിൽ മുഖ്യാതിഥിയായി പങ്കെടുത്തുകൊണ്ടു മാഷ് എന്നെപ്പറ്റി പറഞ്ഞ വാക്കുകൾ ഇന്നും മനസ്സിൽ തുടിച്ചു നില്ക്കുന്നുണ്ട്. അവാർഡ് നിർണയത്തിലും എന്നോടുള്ള സ്നേഹം തുടിച്ചു നിന്നിട്ടുണ്ടാകും.

അഴീക്കോട് മാഷ്, വേറിട്ട ഒരു സംസ്കാരം തന്നെയായിരുന്നു. പതിറ്റാണ്ടുകൾ കൊണ്ടു സ്വയം രൂപം പൂണ്ട സംസ്കാരം. പക്ഷേ, മരിച്ച ഈ സംസ്കാരത്തിന്റെ ശവസംസ്കാരവേളയിൽ പോലും വിവാദമുണ്ടായെന്നുള്ളതും ഒരു നിയോഗം. സ്വന്തം തൂലികയും നാവും സക്രിയമായി ചലിച്ചു തുടങ്ങിയ നാൾ മുതൽ വിവാദങ്ങളുടെ കൊടുങ്കാറ്റുയർത്തിപ്പോന്ന മാഷിന്റെ അന്ത്യവും വിവാദത്തിലൊടുങ്ങുകയായിരുന്നു. ഭൗതികശരീരം സംസ്കരിക്കുന്നതിനുള്ള ഇടം സംബന്ധിച്ചായിരുന്നു വിവാദം. ചിതയൊരുക്കൽ തൃശൂരിൽ വേണമോ കണ്ണൂരിൽ വേണമോ എന്നുള്ള തർക്കം ചൂടുപിടിച്ചപ്പോൾ സംസ്ഥാന സർക്കാരിനു തന്നെ ഇടപെടേണ്ടി വന്നുവെന്നുള്ളതും പ്രകൃതി നിയമം. വിവാദത്തോടു കൂടിയുള്ള അന്ത്യയാത്ര! ഈ പരിണാമങ്ങളിലും മാഷ് ഗൂഢമായി ചിരിച്ചാഹ്ലാദിക്കുന്നുണ്ടായിരിക്കും. അതെന്തായാലും വെന്തെരിഞ്ഞ ചന്ദനം പോലെ മാഷിന്റെ ചൈതന്യധന്യമായ സുഗന്ധം ഒരാവേശമായി നമുക്കു ചുറ്റും എന്നും വീശിയടിക്കുന്നുവെന്നുള്ളതിൽ സംശയമില്ല. ❖

## കുഞ്ഞൻ രാജ്യങ്ങൾ

# ഫാക് ലൻഡ് ദ്വീപുകൾ

അറ്റ്ലാന്റിക് സമുദ്രത്തിൽ ബ്രിട്ടന്റെ അധീനതയിലുള്ള ദ്വീപസമൂഹമാണു ഫാക്ലൻഡ് ദ്വീപുകൾ. 12,173 ച.കി.മീ. വിസ്തൃതിയുള്ള ഇവിടത്തെ ജനസംഖ്യ 3500ൽ താഴെ മാത്രമാണ്. ബ്രിട്ടൻ നിയമിക്കുന്ന ഗവർണറാണു ഫാക്ലാൻഡ് ദ്വീപുകളുടെ ഭരണകർത്താവ്. ഗവർണറുടെ അധ്യക്ഷതയിലുള്ള എക്സിക്യൂട്ടീവ് കൗൺസിലും തെരഞ്ഞെടുക്കപ്പെടുന്ന പ്രതിനിധികൾ അടങ്ങുന്ന ലെജിസ്ലേറ്റീവ് കൗൺസിലുമാണു ഭരണനിർവഹണ സമിതികൾ. ബ്രിട്ടീഷ് രാജ്ഞിയാണു രാഷ്ട്രമേധാവി. 1983 ജനുവരി ഒന്നിനാണു ഫാക്ലൻഡ് വാസികൾക്കു പൂർണ ബ്രിട്ടീഷ് പൗരത്വം ലഭിച്ചത്. നിഗേൽ ഹെയ്വുഡാണു നിലവിലെ ഗവർണർ.



*നിഗേൽ ഹെയ്വുഡ്*



*ഫാക് ലൻഡ് ദ്വീപിലെ ഒരു പെൻഗ്വിൻകൂട്ടം*

തെക്കേ അമേരിക്കൻ തീരത്തുനിന്ന് 1080 കിലോമീറ്റർ അകലെയായി തെക്കൻ അറ്റ്ലാന്റിക് സമുദ്രത്തിലുള്ള ദ്വീപസമൂഹമാണു ഫാക് ലൻഡ് ദ്വീപുകൾ. മാൽവിനാസ് എന്നും ഇവയ്ക്കു പേരുണ്ട്. ബ്രിട്ടന്റെ അധീന പ്രദേശമാണിത്. കിഴക്കൻ ഫാക്ലൻഡ്, പടിഞ്ഞാറൻ ഫാക്ലൻഡ് എന്നീ വലിയ ദ്വീപുകളും എഴുന്നൂറോളം ചെറുദ്വീപുകളും ഈ ദ്വീപസമൂഹത്തിൽ ഉൾപ്പെടുന്നു. കിഴക്കൻ ഫാക്ലൻഡ് ദ്വീപിലാണു തലസ്ഥാനമായ സ്റ്റാൻലി. ബ്രിട്ടീഷ് പൗരത്വമുള്ളവരാണു ഫാക്ലൻഡിലെ ജനങ്ങൾ. പ്രധാനമായും സ്കോട്ടിഷ് വംശജർ.

16-ാം നൂറ്റാണ്ടിൽ യൂറോപ്യൻ പര്യവേഷകർ കണ്ടെത്തുമ്പോൾ മനുഷ്യവാസമില്ലാത്ത പ്രദേശമായിരുന്നു ഫാക് ലൻഡ് ദ്വീപുകൾ. ഡച്ചുകാരനായ സെബാൾഡ് ഡിവീർട്ട് ആണ് ഇവിടെയെത്തിയ ആദ്യ യൂറോപ്യൻ. 1690ൽ ഇംഗ്ലീഷ് നാവികനായ ജോൺ സ്ട്രോങ് രണ്ടു പ്രധാന ദ്വീപുകൾക്കിടയിലുള്ള സമുദ്രമാർഗത്തിനു ഫാക്ലൻഡ് ചാനൽ എന്നു പേരിട്ടു. ബ്രിട്ടീഷ് പ്രഭുവായ ഫാക് ലൻഡിലെ അഞ്ചാം വിസ്കൗണ്ട് ആന്റണി ക്രേയുടെ ബഹുമാനാർത്ഥമാണ് ആ പേരു നല്കിയത്. എന്നാൽ, ഫാക്ലൻഡിലെ ആദ്യ സെറ്റിൽമെന്റായ പോർട്ട് സെയ്ന്റ് ലൂയിസ് സ്ഥാപിച്ചത് 1764ൽ ഫ്രഞ്ച് നാവികനായ അന്ത്വാൻ ഡി ബൂഗൻവിൽ ആയിരുന്നു. കിഴക്കൻ ഫാക്ലൻഡിലാണു പോർട്ട് ലൂയിസ്. ഇവിടത്തെ ഫ്രഞ്ച് സാന്നിധ്യം അറിയാതെ 1765ൽ ഇംഗ്ലീഷുകാരനായ ജോൺ ബൈറൺ സോൺഡേഴ്സ് ദ്വീപിലെത്തുകയും അവിടത്തെ ഹാർബറിനു പോർട്ട് എഗ്മണ്ട് എന്നു പേരിടുകയും ചെയ്തു.

ഫ്രഞ്ചുകാരുടെ കോളനി 1766ൽ സ്പെയിൻ കരസ്ഥമാക്കി. മാത്രമല്ല അവർ പോർട്ട് എഗ് മണ്ട് ആക്രമിച്ചു ബ്രിട്ടീഷുകാരെ തുരത്തി. അർജന്റീനയിലെ ബ്യൂണസ് ഐറിസിലുള്ള സ്പാനിഷ് ഗവർണർക്കായിരുന്നു ദ്വീപുകളുടെ ഭരണാധികാരം. 1790ൽ ബ്രിട്ടൻ ഔദ്യോഗികമായി ദ്വീപുകളുടെ അവകാശം സ്പെയിനിനു വിട്ടുകൊടുത്തു. 1816ൽ സ്പെയിനിൽനിന്ന് അർജന്റീന സ്വാതന്ത്ര്യം നേടിയപ്പോൾ ഫാക് ലൻ

# അറ്റ്ലാന്റിക്കിലെ അജപാലകനാട്

ഡ് ദ്വീപുകൾക്കുമേൽ അവർ അവകാശവാദം ഉന്നയിച്ചു. 1820ൽ ദ്വീപുകളെ അർജന്റീന തങ്ങളുടെ ഭാഗമാക്കി. മീൻപിടിത്താവകാശത്തെക്കുറിച്ചുള്ള തർക്കത്തിന്റെ പേരിൽ 1833ൽ ബ്രിട്ടീഷ്പട്ടാളം ഫാക്ലൻഡ് ദ്വീപുകളിൽ ആധിപത്യമുറപ്പിച്ചു.

കിഴക്കൻ ഫാക് ലൻഡിലെ സ്റ്റാൻലിയായിരുന്നു ബ്രിട്ടീഷ് ഭരണകേന്ദ്രം. രണ്ടു ലോകയുദ്ധങ്ങളിലും ഇവിടം ബ്രിട്ടീഷ് നാവികകേന്ദ്രമായിരുന്നു. പല തവണ ദ്വീപുകൾക്കു മേൽ അർജന്റീന അവകാശവാദമുന്നയിച്ചെങ്കിലും ബ്രിട്ടൻ വഴങ്ങിയില്ല. 1960കൾ വരെ ഇരുരാജ്യങ്ങളും തമ്മിലുള്ള ചർച്ച നിഷ്ഫലമായി തുടർന്നു.



*ഫാക് ലൻഡ് ദ്വീപിലെ ആടുഫാം.*

## ഫാക്ലൻഡ് യുദ്ധം

1982 ഏപ്രിൽ രണ്ടിന് അർജന്റീനയുടെ സേന ഫാക്ലൻഡിന്റെ നിയന്ത്രണം കരസ്ഥമാക്കി. ദ്വീപുകൾ തിരിച്ചു പിടിക്കാൻ ബ്രിട്ടൻ നാവികസേനയെ അയച്ചതോടെ ഫാക് ലൻഡ് യുദ്ധം തുടങ്ങി. ഏപ്രിൽ രണ്ടു മുതൽ ജൂൺ വരെ നടന്ന യുദ്ധത്തിൽ അർജന്റീന പരാജയപ്പെട്ടു. തുടർന്നു ഫാക്ലൻഡിലെ സൈനിക സാന്നിധ്യം ബ്രിട്ടൻ വർധിപ്പിച്ചു.



*ഫാക്ലൻഡ്ദ്വീപിലെ ക്രിസ്ത്യൻ ദൈവാലയം.*

ഗവർണറാണു ഫാക്ലൻഡ് ദ്വീപുകളുടെ ഭരണകർത്താവ്. സൗത്ത് ജോർജിയ, സൗത്ത് സാൻഡ്‌വിച്ച് ദ്വീപുകളുടെ ഭരണവും ഗവർണറുടെ ചുമതലയിലാണ്.




*ഫാക്ലൻഡ് പൗണ്ട്*

## സമ്പദ്ഘടന

ആടുവളർത്തലാണു പ്രധാന ആദായമാർഗം. മീൻപിടിത്തം, ടൂറിസം എന്നിവയും സമ്പദ്ഘടനയ്ക്കു ശക്തി പകരുന്നു. വിദേശരാജ്യങ്ങൾക്കു മീൻപിടിത്താവകാശം വിറ്റും സർക്കാർ വരുമാനം നേടുന്നു. പെൻഗ്വിൻ, കടൽപക്ഷികൾ, സീൽ തുടങ്ങിയവയുടെ സംരക്ഷണ മേഖലകളാണു പ്രധാന വിനോദസഞ്ചാര ആകർഷണങ്ങൾ. ഗോൾഫ് കളിയും മീൻപിടിത്തവും ഫാക് ലൻഡ് യുദ്ധം നടന്ന സ്ഥലങ്ങളും സഞ്ചാരികളെ ആകർഷിക്കുന്നു. കടലിൽനിന്ന് എണ്ണ ഖനനം ചെയ്യാനുള്ള പദ്ധതികളും പുരോഗമിക്കുന്നു. ഫാക് ലൻഡ് പൗണ്ടാണു നാണയം. ബ്രിട്ടീഷ് പൗണ്ടിന്റെ അതേ വിലയുണ്ട്. സ്വന്തം ലോഹനാണയങ്ങളും തപാൽസ്റ്റാമ്പുകളും ഫാക് ലൻഡിനുണ്ട്. ❖




*ഫാക്ലൻഡ് സ്റ്റാമ്പ്*

രാഷ്ട്രീയം

(31 -ാം പേജിൽ നിന്നു തുടർച്ച)

# പഴയവീഞ്ഞു പുതിയ കുപ്പിയിൽ

20-ാം നൂറ്റാണ്ടിന്റെ ചരിത്രത്തിലെ ഏറ്റവും വലിയ സംഭവം കമ്യൂണിസ്റ്റു പ്രസ്ഥാനത്തിന്റെ വളർച്ചയും തളർച്ചയുമാണ്. പോളണ്ട്, ഹംഗറി, കിഴക്കൻ ജർമനി, റുമേനിയ, ബൾഗേറിയ, അൽബേനിയ, സോവിയറ്റ് യൂണിയൻ എന്നീ രാജ്യങ്ങളിലെ കമ്യൂണിസ്റ്റു ഭരണകൂടങ്ങൾ ജനകീയ മുന്നേറ്റത്തിന്റെ കാറ്റേറ്റു വീണുപോയിട്ടും ലോകത്തിലെ ഭൂരിപക്ഷം കമ്യൂണിസ്റ്റു പാർട്ടികളും, ഏകപാർട്ടിഭരണം എന്ന കാഴ്ചപ്പാട് ഉപേക്ഷിച്ചിട്ടും, ഇന്ത്യയിൽ മാത്രം അതിനു തയ്യാറാകാഞ്ഞത് ഒരുപക്ഷേ, ബംഗാളിലെ തുടർഭരണം കണ്ടുകൊണ്ടായിരിക്കാം. എന്നാൽ, അവിടെ അടി തെറ്റിയപ്പോൾ നിലപാടു മാറ്റത്തിലേക്ക് എത്താൻ പാർട്ടി നിർബന്ധിതമാകുകയായിരുന്നു.

ഇത്തരമൊരു പ്രതിസന്ധിക്കു കാരണം മറ്റാരുമല്ല. മറിച്ചു കമ്യൂണിസമെന്ന പ്രത്യയശാസ്ത്രം അതിന്റെ ആശയത്തിൽ വികലവും തെറ്റുനിറഞ്ഞതും ആയിരുന്നു എന്നതാണ്. രണ്ടാമതായി കമ്യൂണിസ്റ്റു സിദ്ധാന്തം



പ്രയോഗത്തിൽ വൻ പരാജയമായിരുന്നു എന്നു ചരിത്രം വ്യക്തമാക്കുന്നു. ആധ്യാത്മിക, മാനസിക, വൈകാരിക, സാമൂഹിക, ഭൗതികതലങ്ങളുള്ള മനുഷ്യവ്യക്തിയെ ഭൗതിക യാഥാർത്ഥ്യം മാത്രമായി തരംതാഴ്ത്തുകയും സാമ്പത്തിക വീക്ഷണത്തിൽ നിന്നു മാത്രം വ്യാഖ്യാനിക്കുകയും ചെയ്തതാണു മാർക്സിസത്തിന്റെ പരാജയത്തിനുള്ള അടിസ്ഥാന കാരണം. ഈയൊരു സാഹചര്യത്തിൽ കേരളാ കോൺഗ്രസിന്റെ ചരിത്ര സംഭാവനയായി പ്രകീർത്തിക്കാവുന്ന കെ.എം. മാണിയുടെ അധ്വാനവർഗ സിദ്ധാന്തത്തെ പരാമർശിക്കാതിരിക്കുവാൻ കഴിയില്ല.

തൊഴിലാളി വർഗ സർവാധിപത്യം എന്നതുപോലെ, ക്ഷേമരാഷ്ട്ര സിദ്ധാന്തം എന്നതുപോലെ, ഗവേഷണം നടത്തപ്പെടേണ്ടതും ചർച്ച ചെയ്യപ്പെടേണ്ടതുമായ ഒരു സിദ്ധാന്തമാണ് അധ്വാനവർഗസിദ്ധാന്തം. മാർക്സും എംഗൽസും കമ്യൂണിസ്റ്റ് മാനിഫെസ്റ്റോ എഴുതി ഉണ്ടാക്കുന്നകാലത്തു നിലനിന്നിരുന്ന സാമൂഹിക വ്യവസ്ഥിതിയുടെ പ്രതിഫലനമാണു തൊഴിലാളി വർഗസർവാധിപത്യം. അവർ പ്രവർത്തിച്ചിരുന്ന രാജ്യങ്ങളിൽ, പണിയെടുക്കുന്നവരായ ഭൂരിപക്ഷവും, പണിയെടുപ്പിക്കുന്നവരായ ന്യൂനപക്ഷവും മാത്രമേ ഉണ്ടായിരുന്നുള്ളൂ.

ഈ ന്യൂനപക്ഷത്തെ ഒപ്പം കൂട്ടി ഭരണചക്രം ഉപയോഗിച്ചു സമരമാർഗങ്ങളിലൂടെയുള്ള സാമ്പത്തിക സമത്വത്തിലൂടെ സോഷ്യലിസം പുലർത്താൻ ആണു ശ്രമിച്ചത്. ഒരിക്കലും നടപ്പിലാക്കാൻ കഴിയാത്ത ഈ വ്യവസ്ഥിയുടെ പൊളിച്ചെഴുത്താണ് ഒരു തരത്തിൽ അധ്വാനവർഗ സിദ്ധാന്തം. മനുഷ്യരെ ജാതിയിലും വർഗത്തിലും അതീതമായി കണ്ട് അവരുടെ ജീവിത, അതിജീവന പ്രശ്നങ്ങൾ പരിഹരിക്കുവാൻ പര്യാപ്തമാക്കുന്നതരത്തിൽ പോരാട്ടവേദികൾ രൂപീകരിച്ചു ജീവിക്കുവാനായി നടത്തുന്ന അധ്വാനത്തിന്റെയും പോരാട്ടത്തിന്റെയും അടിസ്ഥാനത്തിൽ ഭരണത്തെയും പ്രത്യയശാസ്ത്രങ്ങളെയും രണ്ടായികണ്ട് ഒരു ജനത മറ്റൊരു ജനതയുടെ മേൽ അടിച്ചേല്പ്പിച്ചു പുലർത്തേണ്ടതല്ല സോഷ്യലിസം എന്ന് അധ്വാനവർഗ സിദ്ധാന്തം നിർവചിക്കുമ്പോൾ, പ്രകാശ്കാരാട്ടിന്റെ പുതിയ നിലപാടിനു യാതൊരു പുതുമയും അവകാശപ്പെടാനില്ല. ❖

## അറിയേണ്ടും കാര്യം

# പഞ്ചസാര ഉപയോഗം നിയന്ത്രിക്കണമെന്ന് ആരോഗ്യവിദഗ്ധർ



കഴിഞ്ഞ അഞ്ചുപതിറ്റാണ്ടുകൊണ്ടു പഞ്ചസാരയുടെ ആളോഹരി ഉപയോഗം മൂന്നുമടങ്ങായതായും ഇത് ആരോഗ്യമേഖലയ്ക്കു കനത്ത ഭീഷണി സൃഷ്ടിച്ചതായും യുഎസിലെ ആരോഗ്യവിദഗ്ധർ വിലയിരുത്തി. പഞ്ചസാരയുടെ ഉപയോഗം നിയന്ത്രിക്കുന്നതിനായി സർക്കാർ ശക്തമായ നടപടികൾ കൈക്കൊള്ളണമെന്നും വിദഗ്ധർ ശുപാർശ ചെയ്തു. കാലിഫോർണിയ സർവകലാശാലയിലെ ഗവേഷകരുടെ നേതൃത്വത്തിലുള്ളതാണു വിദഗ്ധസമിതി. പഞ്ചസാരയ്ക്കും അത് അടങ്ങിയ ഭക്ഷണസാധനങ്ങൾ, മിഠായികൾ, പാനീയങ്ങൾ എന്നിവയ്ക്കും ഉയർന്ന നികുതി ചുമത്തണം. കടകളിൽ നിന്നും ഇവ വാങ്ങുന്നതിനായി പ്രായപരിധി ഏർപ്പെടുത്തണം. ഇതുവഴി കുട്ടികൾ ഇവ കഴിക്കുന്നതു നിയന്ത്രിക്കാൻ കഴിയും-സമിതി നിർദേശിച്ചു. കൂടാതെ പഴവർഗങ്ങൾ, പച്ചക്കറികൾ എന്നിവയുടെ ഉപയോഗം വർധിപ്പിക്കുന്നതിനായി അവയ്ക്കു സബ്സിഡി ഉയർന്നതോതിൽ നല്കണമെന്നും റിപ്പോർട്ടിൽ ആവശ്യപ്പെടുന്നു. എന്നാൽ, പഞ്ചസാര ലോബിയുടെയും കുത്തകക്കമ്പനികളുടെയും സമ്മർദത്തെ അതിജീവിക്കാൻ സർക്കാരിനു സാധിക്കുമോ എന്നും സമിതി ആശങ്കപ്പെടുന്നു.

❖

# സുകുമാർ അഴീക്കോട് കേരള മനസ്സാക്ഷിയുടെ സൂക്ഷിപ്പുകാരൻ

**പി.ജെ.ജോസഫ്**




സാംസ്കാരിക നായകൻ സുകുമാർ അഴീക്കോട് കേരള മനസ്സാക്ഷിയുടെ സംരക്ഷകനായി ആറുപതിറ്റാണ്ടോളം നിറഞ്ഞു നിന്ന വ്യക്തിയായിരുന്നെന്നു കേരളാ കോൺഗ്രസ് (എം) വർക്കിംഗ് ചെയർമാൻ ജലവിഭവമന്ത്രി പി.ജെ.ജോസഫ് അനുസ്മരിച്ചു. സാംസ്കാരിക വേദിയുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച സുകുമാർ അഴീക്കോട് അനുസ്മരണ സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. സി.എഫ്.തോമസ് എംഎൽഎ, മോൻസ് ജോസഫ് എംഎൽഎ, ടി.വി.ഏബ്രഹാം, വർഗീസ് പേരയിൽ, ഇ.ജെ. ആഗസ്തി, പോൾ മണലിൽ, ബേബി ഉഴുത്തുവാൽ, സണ്ണി തെക്കേടം എന്നിവർ പ്രസംഗിച്ചു.

# സർക്കാരിന്റെ മദ്യനയത്തിൽ കാലോചിതമായ മാറ്റം അനിവാര്യം

**വി.എം.സുധീരൻ**



മദ്യത്തിന്റെ അമിതമായ ഉപയോഗവും ഉത്പാദനവും കുറയ്ക്കുവാൻ കേരള സർക്കാർ നടപടികൾ സ്വീകരിക്കണമെന്നു മുതിർന്ന കോൺഗ്രസ് നേതാവു വി.എം.സുധീരൻ അഭിപ്രായപ്പെട്ടു. തൃശൂർ അതിരൂപതാ ലഹരി വിമുക്ത കേന്ദ്രം 'നെസ്റ്റി'ന്റെ വാർഷിക ആഘോഷം ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു സുധീരൻ. സർക്കാരിന്റെ മദ്യനയത്തിൽ കാലോചിതമായ മാറ്റം വേണം. പഴുതടച്ച നിയമങ്ങൾ ശക്തമായി നടപ്പിലാക്കുവാൻ സർക്കാർ ശ്രമിക്കണം-വി.എം.സുധീരൻ പറഞ്ഞു. മോൺ.ജോർജ് എടക്കളത്തൂർ അധ്യക്ഷത വഹിച്ചു. ഫാദർ ജോജു പനയ്ക്കൽ, തൃശൂർ സെഷൻസ് ജഡ്ജ് രവീന്ദ്രബാബു, പ്രീതി ശോഭനൻ, പി.എൽ.ആന്റണി, ജെറി അരിമ്പൂർ, കേരളാ കോൺഗ്രസ് (എം) തൃശൂർ ജില്ലാ ജനറൽ സെക്രട്ടറി സെബാസ്റ്റ്യൻ ചൂണ്ടൽ, ജോസ് ആലപ്പാട്ട്, ഡോ.സിസ്റ്റർ ബീന, സി.കെ.ഷാജി, പ്രേമാ മൈക്കിൾ, മാർട്ടിൻ പേരെക്കാടൻ, സി.ആർ.ശിവദാസൻ, ഡോ.ജോസ് മണലിൽ, ജോൺസൺ ചൂണ്ടക്കാട്ടിൽ എന്നിവർ പ്രസംഗിച്ചു

# ദർശന അന്താരാഷ്ട്ര പുസ്തകമേള – 2012



*28-ാമതു ദർശന അന്താരാഷ്ട്ര പുസ്തകമേള പ്രമുഖ നോവലിസ്റ്റു സി.വി. ബാലകൃഷ്ണൻ നിലവിളക്കു കൊളുത്തി ഉദ്ഘാടനം ചെയ്യുന്നു*

അക്ഷരനഗരിയെ അക്ഷരത്തിന്റെ പ്രകാശരശ്മികളാൽ പത്തുദിനം അണിയിച്ചൊരുക്കിയ 28-ാമതു ദർശന അന്താരാഷ്ട്ര പുസ്തകമേള സമാപിച്ചു. കാൽനൂറ്റാണ്ടു പിന്നിട്ട ഈ അക്ഷരോത്സവം കേരളത്തിലെ തന്നെ ഏറ്റവും ശ്രദ്ധേയ സാംസ്കാരിക, സാഹിത്യ കൂട്ടായ്മയായി മാറിക്കഴിഞ്ഞു. അക്ഷരപ്രേമികൾ, അതും കേരളത്തിന്റെ അങ്ങോളമിങ്ങോളമുള്ളവർ ദർശന പുസ്തമേളയുടെ ഓരോ വർഷത്തെയും വരവു കാത്തിരിക്കുന്നു എന്നതാണു വാസ്തവം. 2012 ജനുവരി 27നു പ്രശസ്ത സാഹിത്യകാരൻ സി.വി. ബാലകൃഷ്ണൻ നിലവിളക്കു കൊളുത്തി ഉദ്ഘാടനം ചെയ്ത മേള ഫെബ്രുവരി അഞ്ചിനാണു സമാപിച്ചത്.

# കർഷകക്ഷേമത്തിനായി കാർഷിക ഇൻഫർമേഷൻ കേന്ദ്രങ്ങൾ



വിപണിയിലെ മാറ്റങ്ങൾ ഉൾപ്പെടെയുള്ള വിവരങ്ങൾ കർഷകരെ അറിയിക്കാൻ മേഖലാ അടിസ്ഥാനത്തിൽ കാർഷിക ഇൻഫർമേഷൻ കേന്ദ്രങ്ങൾ സ്ഥാപിക്കും. മാതൃകാകർഷകരെ കേന്ദ്രീകരിച്ചു നടപ്പാക്കുന്ന കാർഷികവികസനസേവന പദ്ധതിയനുസരിച്ചാണു നടപടി. വിപണിയെക്കുറിച്ചുള്ള ഏറ്റവും പുതിയ വിവരങ്ങൾ, അവ എത്തിക്കാനുള്ള വഴികൾ, സഹായങ്ങൾ എന്നിവയടക്കമുള്ള കാര്യങ്ങൾ കർഷകനു നല്കാൻ പുതിയ സംവിധാനത്തിലൂടെ കഴിയും. കാലാവസ്ഥയുമായി ബന്ധപ്പെട്ട നിർദേശങ്ങൾ, മണ്ണിന്റെ ഘടന, വായ്പാസൗകര്യങ്ങൾ, സാങ്കേതിക സഹായം എന്നിവയെക്കുറിച്ചുള്ള വിവരങ്ങളും കേന്ദ്രം വഴി ലഭിക്കും. കൃഷി ഡയറക്ടറേറ്റുമായി ബന്ധിപ്പിച്ചുള്ള വീഡിയോ കോൺഫറൻസ് സംവിധാനങ്ങളും സ്ഥാപിക്കും. പഞ്ചായത്തുകളുടെ അനുമതിയോടെ കൃഷി ഓഫീസർ തിരഞ്ഞെടുക്കുന്ന മേഖലയിലെ മാതൃകാകർഷകരെ കേന്ദ്രീകരിച്ച് ആദ്യഘട്ടത്തിൽ പാലക്കാട്, കൊല്ലം, കണ്ണൂർ ജില്ലകളിലാണു പദ്ധതി നടപ്പാക്കുക. ജില്ലകളിലെ കൃഷിസ്ഥലങ്ങളെ വിളകളുടെ ഉത്പാദനത്തിന്റെ അടിസ്ഥാനത്തിൽ രണ്ടു മേഖലകളാക്കി തിരിച്ചായിരിക്കും നടപടി. ❑

# എടിഎമ്മിൽ കള്ളനെങ്കിൽ ഉത്തരവാദി ബാങ്ക്




എടിഎം സെന്ററുകളിൽ കള്ളനോട്ടുകൾ വരാനിടയായാൽ പൂർണ ഉത്തരവാദിത്വം ബാങ്കിനായിരിക്കുമെന്നു സൈബർ സൊസൈറ്റി ഓഫ് ഇന്ത്യ (സി.എസ്.ഐ). അടുത്തകാലത്തായി എടിഎമ്മുകളിൽ നിന്നു കള്ളനോട്ടുകൾ ലഭിച്ചതായുള്ള പരാതികൾ വർധിച്ചിട്ടുണ്ട്. എന്നാൽ,മെഷീനുകളിൽ പണം നിറയ്ക്കുന്നതു കരാർ നല്കിയിട്ടുള്ള ഏജൻസികളാണെന്നു കാണിച്ചു ബാങ്കുകൾ ഒഴിഞ്ഞു മാറുകയാണു പതിവ്. ഉപഭോക്താക്കൾക്ക് എടിഎമ്മിൽ നിന്നു കള്ളനോട്ടുകൾ ലഭിച്ചാൽ ബാങ്ക് അതു മാറ്റി നല്കണം. ഉപഭോക്താക്കൾക്കു നഷ്ടപരിഹാരം നല്കാൻ അവർക്കു നിയമപരമായ ബാധ്യതയുണ്ട്. എടിഎമ്മിൽ നിന്നു ലഭിച്ചതു കള്ളനോട്ടാണെന്നു തിരിച്ചറിഞ്ഞാൽ ഉടൻ പോലീസിൽ പരാതി നല്കണമെന്നും സി.എസ്.ഐ നിർദേശിച്ചു. ❑

# ബൈബിൾ ഏകീകൃതമാക്കണം



എല്ലാ സഭകൾക്കും ഉപയോഗിക്കാവുന്ന ഏകീകൃത ബൈബിൾ വേണമെന്നു മുൻ അഡീഷണൽ ചീഫ് സെക്രട്ടറി ഡോ.ഡി.ബാബുപോൾ. ഏകീകരിച്ച ബൈബിൾ നിർമാണത്തിനായി ജോയിന്റ് കമ്മീഷനെ നിയമിക്കണം. പലർ തർജമ ചെയ്തിരിക്കുന്നതിനാൽ ഓരോ സഭക്കാരും ബൈബിളിലെ ചില വാക്കുകൾ പല തരത്തിലാണ് ഉച്ചരിക്കുന്നത്. 66 പുസ്തകങ്ങളടങ്ങിയതാണു ബൈബിൾ എന്നു സഭാപിതാക്കൻമാർ പറയുമ്പോഴും ബൈബിളിൽ ഒരിടത്തും ഇതു പറയുന്നില്ല. ഓർത്തഡോക്സ്, കത്തോലിക്ക, പ്രൊട്ടസ്റ്റന്റ് തുടങ്ങി എല്ലാ സഭക്കാർക്കും സ്വീകാര്യമാവും വിധം വേണം ഏകീകരിച്ച പതിപ്പു തയ്യാറാക്കേണ്ടത്. ദർശന അന്താരാഷ്ട്ര പുസ്തകമേളയോടനുബന്ധിച്ചു നടന്ന പ്രഥമ മലയാളബൈബിൾ പരിഭാഷയുടെ ദ്വിശതാബ്ദി സമ്മേളനം കോട്ടയത്ത് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ❑

# സിരകളിലൊഴുകേണ്ട രക്തം ഓടകളിലോ?



മൂന്നു മാസമാണു രക്തം സൂക്ഷിച്ചു വയ്ക്കാവുന്ന കാലാവധി. ഈ സമയവും കഴിഞ്ഞ് ഇരുപത്തഞ്ചിനും മുപ്പതിനുമിടയ്ക്കു കുപ്പി രക്തം കേരളത്തിലെ മിക്ക രക്തബാങ്കുകളിൽ നിന്നും ഒഴിച്ചുകളയുന്നുവത്രെ. രക്തബാങ്കുകളിൽനിന്നു രക്തം സ്വീകരിച്ചു താലൂക്കു തലത്തിൽ ലഭ്യമാക്കേണ്ട രക്തസംഭരണ കേന്ദ്രങ്ങളിലേക്കു രക്തം കൈമാറാത്തതാണ് ഇതിന്റെ പ്രധാനകാരണം. ഒഴിച്ചുകളയുന്നതിൽ ദൗർലഭ്യം ഏറെ അനുഭവപ്പെടുന്ന നെഗറ്റീവ് ഗ്രൂപ്പിൽ പെടുന്ന രക്തവുമുണ്ട്. സംസ്ഥാനത്തെ 160 രക്ത ബാങ്കുകളിൽ സർക്കാർ മേഖലയിലുള്ളത് 33 എണ്ണമാണ്. ഇവ രക്തദാന ക്യാമ്പുകൾ നടത്തി രക്തം ശേഖരിക്കുന്നുണ്ട്. എന്നാൽ, ഏതു ഗ്രൂപ്പിൽപെട്ട രക്തമാണു കൂടുതലായി ആവശ്യം വരുന്നതെന്ന പഠനം നടത്താതെയാണ് ഈ രക്തശേഖരണം. അതുകൊണ്ടുതന്നെ ആവശ്യക്കാർക്കു രക്തം കിട്ടുന്നില്ല. മെഡിക്കൽ കോളജുകളിൽ എത്തുന്നവർക്ക് അത്യാവശ്യ സന്ദർഭങ്ങളിലൊഴികെ രക്തം ലഭിക്കാറില്ല. രക്തം നല്കാൻ ആളെ എത്തിക്കാനാണ് ഇവിടെനിന്ന് ആവശ്യപ്പെടുന്നത്. മെഡിക്കൽ കോളജുകൾ ആവശ്യത്തിനു ക്യാമ്പുകൾ നടത്തി രക്തം ശേഖരിക്കാൻ തയ്യാറാവാത്തതാണ് ഈ ദൗർലഭ്യത്തിനു കാരണം. രക്തജന്യരോഗങ്ങളുള്ളവരാണ് ഇതിന്റെ ദുരിതം കൂടുതൽ അനുഭവിക്കുന്നത്. ❑

# കോളജുകൾ ധാരാളം നിലവാരമുള്ളവ ചുരുക്കം



സംസ്ഥാനത്തു സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ കൂണുപോലെ മുളച്ചുപൊന്തിയതു വിദ്യാഭ്യാസമേഖലയുടെ നിലവാരത്തകർച്ചയ്ക്കു കാരണമായതായി ഹൈക്കോടതി. സ്വകാര്യ സ്വാശ്രയ കോളജുകൾ വർധിച്ചതാണ് ഇതിനു കാരണം. ഗുണനിലവാരമില്ലാത്ത അഭ്യസ്തവിദ്യരെയാണു നമ്മുടെ വിദ്യാഭ്യാസസമ്പ്രദായം സൃഷ്ടിക്കുന്നത്. ഡോക്ടറെയോ, ഡെന്റിസ്റ്റിനെയോ സമീപിക്കുന്നതിനുമുമ്പ് ഏതു സ്ഥാപനത്തിൽനിന്നാണു ബിരുദം സമ്പാദിച്ചതെന്ന് ആദ്യം അന്വേഷിക്കേണ്ട കാലം വിദൂരമല്ല. പത്രങ്ങളിലെ വൈവാഹിക കോളങ്ങളിൽപോലും വധുവോ, വരനോ എടുത്ത ബിരുദം മെറിറ്റിലാണെന്ന കാര്യം പ്രത്യേകം പരാമർശിക്കപ്പെടുന്നു. ഇനിയെങ്കിലും കാര്യങ്ങൾ ശരിയായ ദിശയിൽ കൊണ്ടുവരാനുള്ള വിവേകം കാണിക്കാൻ ഭരണകൂടം തയ്യാറാവണം. സർവകലാശാല പരീക്ഷകളിലെ ഉത്തരക്കടലാസുകളുടെ പുനർമൂല്യനിർണയം സമയബന്ധിതമായി പൂർത്തിയാക്കാൻ നിർദേശിക്കണമെന്ന ഒരുകൂട്ടം ഹർജികൾ തീർപ്പാക്കിയാണു കോടതിയുടെ നിരീക്ഷണം. ❑

# അതിവേഗ നീതിക്കായി 'ഗ്രാമന്യായാലയ'ങ്ങൾ



എല്ലാ ബ്ലോക്കുകളിലും ഗ്രാമകോടതികൾ സ്ഥാപിക്കണമെന്ന കേന്ദ്രനിയമത്തിന്റെ ഭാഗമായി സംസ്ഥാനത്ത് 30 ഗ്രാമകോടതികൾ തുടങ്ങുന്നു. ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റിന്റെ പദവിയിലുള്ള ഉദ്യോഗസ്ഥനാണു ഗ്രാമകോടതിയിലെ ന്യായാധിപൻ. 'ന്യായാധികാരി'യെന്നാണ് ഇദ്ദേഹത്തിന്റെ സ്ഥാനനാമം. കീഴ്കോടതികളിൽ വർഷങ്ങളായി തീർപ്പാകാതെ കേസുകൾ കെട്ടിക്കിടക്കുന്ന സ്ഥിതി ഒഴിവാക്കാനാണു കോടതികൾ ആരംഭിക്കുന്നത്. രണ്ടുവർഷം വരെ ശിക്ഷ ലഭിക്കാവുന്ന കുറ്റങ്ങളാണു ഗ്രാമകോടതികളുടെ അധികാരപരിധിയിൽ വരിക. ആറു പ്രവൃത്തിദിനങ്ങളിൽ മൂന്നുദിവസം മാത്രമേ കോടതി ആസ്ഥാന കെട്ടിടത്തിൽ പ്രവർത്തിക്കൂ. ബാക്കി മൂന്നു ദിവസം അതതു കോടതിയുടെ അധികാരപരിധിയിൽ സഞ്ചാര കോടതിയായി പ്രവർത്തിക്കണം. കൂലിത്തർക്കം, പൗരാവകാശം നിഷേധിക്കൽ, അച്ഛനമ്മമാർ, ഭാര്യ, കുട്ടികൾ എന്നിവരുടെ സംരക്ഷണം, കരാർ തൊഴിൽ, ഗാർഹിക അക്രമവും പീഡനവും, വസ്തു വാങ്ങലും വില്ക്കലും, ജലസേചനത്തർക്കം, സാമ്പത്തികയിടപാടുകളിലെ തർക്കം, കൂട്ടുകൃഷിയിലെ തർക്കം, ഐ.പി.സിയിലെ രണ്ടുകൊല്ലത്തിൽ താഴെ തടവുശിക്ഷ കിട്ടാവുന്ന കുറ്റങ്ങൾ, 20,000 രൂപയിൽ താഴെ വില വരുന്ന വസ്തുക്കളുടെ മോഷണം തുടങ്ങിയ കേസുകളാണു ഗ്രാമകോടതിയുടെ പരിഗണനയിൽ വരുക. ❑

# മാണിസാറിന്റെ ഇടപെടൽ ഗോപിക്കു രക്ഷയായി



ഒല്ലൂർ വൈദ്യരത്നം ആയുർവേദ കോളജിലെ അറ്റൻഡറായിരുന്ന ഗോപിക്ക് ഉടൻ പെൻഷൻ അനുവദിച്ചു ധനമന്ത്രി കെ.എം.മാണി ഉത്തരവായി. പതിനാറു കൊല്ലമായി പെൻഷനായി ഇദ്ദേഹം കാത്തിരിക്കുകയായിരുന്നു. കണ്ണുകളുടെ കാഴ്ചശക്തി പൂർണമായി നഷ്ടപ്പെട്ടതിനെ തുടർന്ന് 1996ൽ തൃശ്ശൂർ എടക്കുനി പൊട്ടനാട്ടുവീട്ടിൽ ഗോപി ജോലിയിൽനിന്നു സ്വയം വിരമിച്ചു. 87 മുതൽ ആസ്പത്രിജീവനക്കാരനായിരുന്ന ഗോപിക്ക് 95ലാണു കാഴ്ചശക്തി നഷ്ടപ്പെട്ടത്. തുടർന്ന് 1995 മുതൽ ശമ്പളമില്ലാത്ത അവധിയിലായിരുന്നു. എന്നാൽ, ഈ അവധി സർക്കാർ അംഗീകരിച്ചിരുന്നില്ല. ജോലിയിൽ നിന്നു വിരമിച്ചതിനെ തുടർന്നു 1996ൽ പെൻഷനുള്ള അപേക്ഷ സർക്കാരിനു സമർപ്പിച്ചു. 70 കഴിഞ്ഞ അമ്മയും ഭാര്യയും കുട്ടികളുമടങ്ങുന്ന കുടുംബത്തിന്റെ ഏക പ്രതീക്ഷ ഗോപിയുടെ പെൻഷനായിരുന്നു. ഗോപി നേരത്തെ സമർപ്പിച്ചിരുന്ന ശമ്പളമില്ലാത്ത അവധി അപേക്ഷ അംഗീകരിക്കാത്തതു കൊണ്ടു ഗോപിക്കു പെൻഷന് അർഹതയില്ലെന്നു കഴിഞ്ഞ സർക്കാർ ഉത്തരവായി. എന്നാൽ, കാഴ്ചശക്തി നഷ്ടപ്പെട്ടതിനെ തുടർന്ന് 1995 മുതൽ ഒരുകൊല്ലം മെഡിക്കൽ സർട്ടിഫിക്കറ്റോടെ ഗോപി സമർപ്പിച്ച അവധിഅപേക്ഷ അംഗീകരിക്കാനും മാനുഷിക പരിഗണനയുടെ പേരിൽ പ്രത്യേക കേസായി നിർധനനായ ഗോപിയുടെ പ്രശ്നം പരിഗണിച്ചു പെൻഷൻ അനുവദിക്കാനും ധനമന്ത്രി കെ.എം.മാണി ഉത്തരവിടുകയായിരുന്നു. ❑

# വികസനത്തിന്റെ ചൂളംവിളിക്കായി കോർപറേഷൻ



റയിൽവേ സ്റ്റേഷനുകളുടെ വികസനത്തിനായി പ്രത്യേക കോർപറേഷൻ രൂപീകരിക്കാൻ റയിൽവേക്കു കീഴിലുള്ള ഇർകോൺ ഇന്റർനാഷണലും റയിൽവേ ഭൂമി വികസന അതോറിറ്റിയും ധാരണാപത്രം ഒപ്പുവച്ചു. റയിൽവേ സ്റ്റേഷൻ ആധുനീകരണ പദ്ധതികൾ മന്ദഗതിയിലായതിനെ തുടർന്നാണു കോർപറേഷനെ ചുമതല ഏല്പിക്കാൻ തീരുമാനിച്ചത്. ആദ്യഘട്ടത്തിൽ ഡൽഹി, മുംബൈ, ചെന്നൈ, ബാംഗ്ലൂർ, കൊൽക്കത്ത തുടങ്ങിയ മെട്രോ നഗരങ്ങളിലാകും നവീകരണപദ്ധതികൾ നടപ്പാക്കുക. സ്റ്റേഷനുകളിലെ തിരക്കു നിയന്ത്രിക്കാനായി വിമാനത്താവള മാതൃകയിൽ യാത്രക്കാർക്കു ട്രെയിനിൽ കയറാനും ഇറങ്ങാനുമുള്ള സ്ഥലങ്ങൾ വേർതിരിക്കും. ജപ്പാൻ റയിൽവേയുടെ മാതൃകയിൽ വരുമാനത്തിന്റെ 30%, റയിൽവേ സ്റ്റേഷന്റെ ആസ്തി വാണിജ്യാവശ്യങ്ങൾക്ക് ഉപയോഗപ്പെടുത്തി കണ്ടെത്തുകയാണ് ആത്യന്തിക ലക്ഷ്യം. ❑

# ദാരിദ്ര്യരേഖകടന്ന മേലാളൻമാർ



സംസ്ഥാനത്ത് അനധികൃതമായി ബി.പി.എൽ. കാർഡുകൾ കൈവശം വച്ചിരുന്ന 22,058 സർക്കാർ ഉദ്യോഗസ്ഥർ കാർഡുകൾ തിരിച്ചേല്പിച്ച് എ.പി.എൽ. കാർഡുകളിലേക്കു മാറി. 24,000 ഓളം സർക്കാർ ജീവനക്കാർ അനധികൃതമായി ബി.പി.എൽ.കാർഡുകൾ കരസ്ഥമാക്കിയിട്ടുള്ളതായി കണ്ടെത്തിയിരുന്നു. ബി.പി.എൽ. കാർഡുകൾ തിരിച്ചേല്പിക്കാത്ത 1942 പേരുടെ കാർഡുകൾ റദ്ദാക്കാൻ ഉത്തരവായി. കോഴിക്കോടു ജില്ലയിലാണ് ഏറ്റവും കൂടുതൽ സർക്കാർ ഉദ്യോഗസ്ഥർ ബി.പി.എൽ. കാർഡുകൾ തിരിച്ചേല്പിച്ച് എ.പി.എല്ലിലേക്കു മാറിയത് –3,186. കിലോഗ്രാമിന് ഒരു രൂപ നിരക്കിലുള്ള അരി ഉൾപ്പെടെ നിരവധി ആനുകൂല്യങ്ങളാണു ദാരിദ്ര്യരേഖയ്ക്കു താഴെ ഉള്ളവർക്കു ലഭിച്ചുകൊണ്ടിരിക്കുന്നത്. സമൂഹത്തിൽനിന്നു ദാരിദ്ര്യം തുടച്ചു നീക്കുകയും സാമ്പത്തിക സമത്വം കൈവരുത്തുകയും ലക്ഷ്യമാക്കിയുള്ള സംസ്ഥാനസർക്കാരിന്റെ ഉദ്യമങ്ങൾ അനധികൃതർ ബി.പി.എൽ.കാർഡുകൾ സ്വന്തമാക്കിയത്. ❑

# പാരമ്പര്യകൃഷിരീതികൾ സംരക്ഷിക്കണം



പാരമ്പര്യ കൃഷിരീതികളെ കൈവെടിയാതെ, ജൈവ സാങ്കേതിക വിദ്യ ഉൾപ്പെടെയുള്ളവയെ ഉപയോഗപ്പെടുത്താൻ കർഷകർക്കു കഴിയണമെന്നു പ്രമുഖ കൃഷി ശാസ്ത്രജ്ഞൻ ഡോ.എം.എസ്.സ്വാമിനാഥൻ.ആസൂത്രിതമായ ഗവേഷണ ഫലങ്ങൾ യഥാസമയം കൃഷിയിടങ്ങളിലേക്കു പകർത്തപ്പെടണം. തീരദേശങ്ങളെ കാലാവസ്ഥാ വ്യതിയാനം പ്രതികൂലമായി ബാധിക്കുന്നുണ്ട്. ഇതിനാൽ തീരദേശങ്ങളുടെ എണ്ണം കുറഞ്ഞു വരികയാണ്. സമുദ്രനിരപ്പിന്റെ ഏറ്റക്കുറച്ചിലുകൾ ഗൗരവമായ പ്രശ്നങ്ങളാണു സൃഷ്ടിക്കുന്നത്. ഉപ്പുകലർന്ന കടൽജലം ശുദ്ധജലത്തിൽ കലരുന്നതിനാൽ ഇതു കുടിവെള്ള യോഗ്യമല്ലാതാകുന്നു. കാലാവസ്ഥയിൽ ഇടയ്ക്കിടെ സംഭവിക്കുന്ന വ്യതിയാനങ്ങൾ മൂലം അഭയാർത്ഥികളാകുന്നവരുടെ എണ്ണം കൂടി വരികയാണ്. കൊല്ലം ഉൾപ്പെടെയുള്ള പ്രദേശങ്ങളെക്കുറിച്ചു കരുതൽ വേണം. ബയോടെക്നോളജിയുടെയും നാനോടെക്നോളജിയുടെയും നല്ലവശങ്ങളെ കൂട്ടാനും പോരായ്മകൾ കുറയ്ക്കാനും കഴിയണം. പരമ്പരാഗത മേഖലകളിൽ നിന്നു മറ്റിടങ്ങളിലേക്കു റബർ ഉൾപ്പെടെയുള്ള കൃഷിയെ വ്യാപിപ്പിക്കണം - 24-ാമതു ശാസ്ത്ര കോൺഗ്രസിനു സമാപനം കുറിച്ചു നടന്ന സമ്മേളനം കോട്ടയത്ത് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ❑

# അഴിമതിക്കേസിൽ അനങ്ങാപ്പാറ നയം വിലപ്പോവില്ല



അഴിമതിനിരോധന നിയമപ്രകാരം പൊതുപ്രവർത്തകരെ പ്രോസിക്യൂട്ട് ചെയ്യാൻ അനുമതി തേടുന്ന അപേക്ഷയിൽ നാലു മാസത്തിനകം തീരുമാനമെടുക്കണമെന്നും അല്ലാത്തപക്ഷം അനുമതി ലഭിച്ചതായി കരുതി പ്രോസിക്യൂഷൻ നടപടി തുടങ്ങാൻ അന്വേഷണ ഏജൻസികൾക്ക് അവകാശമുണ്ടായിരിക്കുമെന്നും സുപ്രീംകോടതി. പൊതുപ്രവർത്തകനെ പ്രോസിക്യൂട്ട് ചെയ്യുന്നതിനുള്ള അനുമതിക്കായി അപേക്ഷിക്കാൻ ഏതൊരു പൗരനും അവകാശമുണ്ട്. ഹവാല ഇടപാടുമായി ബന്ധപ്പെട്ട കേസിൽ പ്രോസിക്യൂഷൻ അനുമതി മൂന്നുമാസത്തിനകം നല്കണമെന്നു സുപ്രീംകോടതി നേരത്തേ വിധിച്ചിരുന്നു. സർക്കാർ ജീവനക്കാരുടെ പ്രോസിക്യൂഷനുമായി ബന്ധപ്പെട്ടായിരുന്നു ഈ വിധി. ഇതു പൊതുപ്രവർത്തകരുടെ കാര്യത്തിലും ബാധകമാണ്. പ്രോസിക്യൂഷനുള്ള അനുമതി മൂന്നുമാസത്തിനകം നല്കണമെന്നു വ്യക്തമാക്കി അഴിമതിനിരോധന നിയമത്തിന്റെ 19-ാം വകുപ്പിൽ ഭേദഗതി വരുത്തണം. അറ്റോർണി ജനറലുമായോ സോളിസിറ്റർ ജനറലുമായോ ചർച്ച ആവശ്യമുള്ള കേസിൽ ഒരുമാസത്തേക്കുകൂടി സമയം നീട്ടാം. നീട്ടിയ സമയത്തിനുള്ളിലും അനുമതി നല്കിയില്ലെങ്കിൽ, അനുമതി ലഭിച്ചതായി കണക്കാക്കി പരാതിക്കാരനും അന്വേഷണ ഏജൻസികൾക്കും മുന്നോട്ടു നീങ്ങാം- ജനതാപാർട്ടി അധ്യക്ഷൻ സുബ്രഹ്മണ്യം സ്വാമിയുടെ ഹർജി തീർപ്പാക്കുകയായിരുന്നു സുപ്രീംകോടതി. ❑

# സ്റ്റാലിനെ വിമർശിച്ച വിസ്ലാവ



സോവിയറ്റ് ഏകാധിപതി സ്റ്റാലിനെ തന്റെ കൃതിയിലൂടെ 'വെറുക്കപ്പെടേണ്ട മഞ്ഞുമനുഷ്യൻ' എന്നു വിമർശിച്ച പോളണ്ട് കവയിത്രി വിസ് ലാവ ഷിംബോർസ്ക അന്തരിച്ചു. ശ്വാസകോശാർബുദം മൂർഛിച്ചതിനെ തുടർന്നായിരുന്നു അന്ത്യം. 88 വയസായിരുന്നു. 'കവിതയിലെ മൊസാർട്ട്' എന്നാണു ഷിംബോർസ്കയെ സാഹിത്യലോകം വിശേഷിപ്പിച്ചിരുന്നത്. സ്വതവേ അന്തർമുഖിയായിരുന്ന ഷിംബോർസ്കയ്ക്ക് 1996ലാണു നൊബേൽ പുരസ്കാരം ലഭിച്ചത്. സ്റ്റാലിൻ സെൻസർഷിപ്പ് നീക്കം ചെയ്ത 1957നുശേഷം അവരുടെ നിരവധി ചെറുകവിതകൾ പുറത്തുവന്നു. 'വെറുക്കപ്പെടേണ്ട മഞ്ഞുമനുഷ്യൻ' എന്നു സോവിയറ്റ് നേതാവായ ജോസഫ് സ്റ്റാലിനെ താരതമ്യപ്പെടുത്തിയെഴുതിയ കോളിങ് ഓട്ട് ടു ദ 'യതി' (1957), പീപ്പിൾ ഓൺ ദ ബ്രിഡ്ജ് (1986), ദ എൻഡ് ആൻഡ് ദ ബിഗിനിങ് (1993) എന്നിവയാണു പ്രധാന കൃതികൾ. 2011ൽ പോളണ്ടിലെ ഏറ്റവും വലിയ ബഹുമതിയായ 'ദ ഓർഡർ ഓഫ് ദ വൈറ്റ് ഈഗിൾ' നല്കി ഷിംബോർസ്കയെ ആദരിച്ചിരുന്നു. ❑

**ആരോഗ്യവിചാരം**

*ഡോ.എൽ.കെ.ഏറ്റുമാനൂർ*

# വൈദ്യശാസ്ത്ര സിദ്ധാന്തങ്ങളും പ്രായോഗിക ജീവിതവും

**ഡോ.** ദീപക് ചോപ്രയുടെ വിഖ്യാതഗവേഷണ ഗ്രന്ഥമാണു 'വാർധ്യക്യമേശാത്ത ശരീരവും കാലാതീതമായ മനസ്സും'. വൈദ്യശാസ്ത്രപഠനങ്ങളിലെ നാഴികക്കല്ലുകളായ അനേകം ഗവേഷണപഠനങ്ങൾ ആ ഗ്രന്ഥത്തിൽ വിവരിക്കുന്നു. എടുത്തുപറയുന്ന പരീക്ഷണങ്ങൾ യഥാർത്ഥവും അവ വ്യക്തികളിൽ ഉണ്ടാക്കിയ ഫലങ്ങൾ വസ്തുനിഷ്ഠവും അതിനാൽ തെളിയിക്കപ്പെട്ടതുമായിരുന്നു. ആകയാൽ അവയുടെ ആത്യന്തികമൂല്യം ആർക്കും തള്ളിക്കളയാൻ പറ്റുന്നതല്ല. എന്നാൽ പോലും സാധാരണ വായനക്കാർക്ക് ഈ തലക്കെട്ടു പ്രഥമ ദൃഷ്ടിയിൽ സംശയത്തിനു കാരണമാകാവുന്നതാണ്. വാർധക്യം ബാധിക്കാത്ത ശരീരമോ? എങ്കിൽ നമ്മുടെ പൂർവപിതാക്കന്മാർ എവിടെ? ഭൂമിയിലെ ആദിപുരുഷൻ ആദം പോലും 930 വർഷം ജീവിച്ചിരുന്നതായാണു ചരിത്രം. ഈ 930 വർഷം ഇന്നത്തെ കാലഗണനയനുസരിച്ചുള്ള 930 വർഷം ആകണമെന്നുമില്ല. മാത്രമല്ല, വളരെ നിഷ്കർഷമായ ജീവിതം നയിക്കുന്നവർപോലും ഏറിയാൽ നൂറോ നൂറ്റിപത്തോ വർഷമാണു ജീവിക്കുക. പിന്നെയെന്തിനീ വീരവാദം ശാസ്ത്രമുയർത്തുന്നു? സാധാരണ വായനക്കാർ സംശയിക്കും. കാലാതീതമായ മനസ്സെന്നാൽ അനശ്വരമായ മനസ്സെന്നാണർത്ഥം. അപ്പോൾ ഈ തലക്കെട്ടിനു മാറ്റമൊ അർത്ഥാന്തരമോ -വാക്കുകൾ ദ്യോതിപ്പിക്കുന്ന അർത്ഥത്തിനു വിശദീകരണ സ്വഭാവമുള്ള വ്യാഖ്യാനമോ ഉണ്ടാകേണ്ടതുണ്ട്. ആ തലക്കെട്ട് ഇങ്ങനെയാക്കുന്നതുചിതമായിരുന്നു. 'രോഗങ്ങളില്ലാത്ത ശരീരവും അനശ്വരമായ ആത്മാവും'.

ശരീരത്തിൽ രോഗങ്ങൾ ബാധിക്കുന്നില്ലെങ്കിൽ ശരീരമേറെക്കാലം




അവശതയില്ലാതെ നിലനില്ക്കും എന്നു പരീക്ഷണങ്ങൾ തെളിയിച്ചിട്ടുണ്ട്. നമുക്കിവിടെ ആവശ്യം ജീവിച്ചിരിക്കുന്ന കാലത്തോളം, പ്രത്യേകിച്ചും വാർധക്യത്തിൽ അവശതകളില്ലാതിരിക്കണം എന്നതാണ്.

അതിനാണു വ്യത്യസ്തതലങ്ങളിൽ പരീക്ഷണപഠനങ്ങൾ അരങ്ങേറിക്കൊണ്ടിരിക്കുന്നത്. എങ്ങനെ അവ പ്രായോഗികതലത്തിൽ കൊണ്ടുവരാമെന്നതേ ചിന്തിക്കേണ്ടതുള്ളു. നന്മനിറഞ്ഞ മനോഭാവങ്ങളിലൂടെയും ആരോഗ്യദായകമായ അച്ചടക്കത്തിലൂടെയും ദിനചര്യകളിലൂടെയും രോഗങ്ങളെയും അവയുടെ അവശതകളെയും ചെറുത്തു തോല്പിക്കാമെന്നു പഠനങ്ങൾ തെളിയിക്കുന്നു. അവയിലെ സദ്ഫലങ്ങൾ സ്വാംശീകരിക്കേണ്ടതും പ്രായോഗികമാക്കേണ്ടതും നമ്മളാണ്. ശരീരമാകെ നിരന്തരം നിരീക്ഷിച്ചു കൊണ്ടിരിക്കുക, തലോടിയും തിരുമ്മിയും തടവിയും ശരീരത്തിലെ വ്യതിയാനങ്ങൾ ഉണ്ടെങ്കിൽ ഉടനെ ഡോക്ടർമാരെ സമീപിക്കുക, ചികിത്സിക്കുക എന്നതൊക്കെ ഓരോരുത്തരുടെയും അനിവാര്യമായ കടമയാണ്. ഏതു രോഗവും ആരംഭത്തിൽ കണ്ടെത്തിയാൽ ഭേദമാക്കാമെന്നു വൈദ്യശാസ്ത്രം തെളിയിച്ചിട്ടുണ്ട്. അതിനു സാമാന്യ ജനങ്ങളെ ബോധവത്ക്കരിക്കുകയെന്ന ദൗത്യവും വൈദ്യശാസ്ത്രത്തിന്റെ ലക്ഷ്യങ്ങളിൽ പെടുന്നു.

കാലാതീതമായ മനസ്സെന്നത് ഏറെക്കുറെ അസംബന്ധമായിട്ടേ സാമാന്യവായനക്കാർക്കു തോന്നുകയുള്ളു. കാരണം, മനസ്സ് എന്നതു വ്യക്തിയെ സംബന്ധിച്ചിടത്തോളം വസ്തുനിഷ്ഠമായ ഒന്നല്ല. അത് എവിടെയാണെന്നാണു ചൂണ്ടിക്കാണിച്ചു കൊടുക്കുക? തലച്ചോറിലൊ? അതു നാഡീവ്യവസ്ഥയുടെ കേന്ദ്രവും ഏതാണ്ടു മുന്നൂറുകോടി നാഡീകോശങ്ങൾ ഉൾക്കൊള്ളുന്നതും തലയോട്ടിയാൽ സംരക്ഷിക്കപ്പെടുന്നതുമായ ഒരു പ്രധാന അവയവമല്ലേ? മനസ്സു ഹൃദയത്തിലോ? ഹൃദയം രക്തത്തിന്റെ പമ്പിംഗ് സ്റ്റേഷനല്ലേ? അപ്പോൾ മനസ്സെവിടെ?

അപ്പോൾ മനസ്സെന്നതു മറ്റവയവങ്ങൾപോലെ വസ്തുനിഷ്ഠമല്ല. ഓർമ, ഭാവന, ചിന്ത തുടങ്ങിയ മാനസിക വ്യാപാരങ്ങൾ ആണു മനസ്സിന്റെ വിവക്ഷിതധർമം. ഈ മാനസ്സിക വ്യാപാരങ്ങൾ മൃതശരീരത്തിൽ നിലനില്ക്കാതിരിക്കെ, മനസ്സു വ്യക്തിയെ സംബന്ധിച്ചിടത്തോളം കാലാതീതമെന്നു പറയാനാവുമൊ? എന്നാൽ, കാലാതീതമായ ആത്മാവെന്നു പറഞ്ഞാൽ വായനക്കാർ സമ്മതിക്കും, ഏതാനും നാസ്തികർ ഒഴികെ. മാനവരാശിയിൽ മഹാഭൂരിപക്ഷവും മതവിശ്വാസികളും അതിലൂടെ വ്യക്തിസിദ്ധമായ ആത്മാവിൽ വിശ്വസിക്കുന്നവരുമാണ്. ആത്മാ

വിന്റെ നിരീക്ഷണക്ഷമമായ ഭൗതിക പ്രകാശനമാണു മാനസ്സിക വ്യാപാരങ്ങൾ എന്നു പറയാം. ആത്മാവു ശാസ്ത്രനിരീക്ഷണത്തിനതീതമാണ്. എന്നാൽ, അതിന്റെ പ്രകാശനം വ്യക്തിയുടെ വാഗ്വിചാരകർമങ്ങളിൽ പ്രതിഫലിക്കുന്നു: വിചാരം, വാക്കുകൾ, പ്രവൃത്തി എന്നീ മൂന്നു തലങ്ങ



ളിലുള്ള പ്രതിഫലനത്തിലൂടെ ഒരു വ്യക്തിയുടെ ആത്മാവിനെ നമുക്കളക്കാവുന്നതാണ്. ആത്മാവു ശാസ്ത്രത്തിന് അതീതമെന്നു പറയാൻ കാരണം നിരീക്ഷണത്തിനുപയോഗിക്കുന്ന ശാസ്ത്രോപകരണങ്ങൾ ഭൗതിക വസ്തുക്കൾകൊണ്ടു രൂപകല്പന ചെയ്തതാണ്. ആത്മാവാകട്ടെ ഭൗതികവസ്തുക്കൾകൊണ്ടു കണ്ടെത്താനാവില്ല. എന്നാൽ, മനുഷ്യനിൽ കുടികൊള്ളുന്ന ആത്മാവിന്റെ നിരീക്ഷണ ക്ഷമമായ വാഗ്വിചാരകർമങ്ങളിലൂടെ ആ വ്യക്തിയിലെ ആത്മാവിനെ കണ്ടെത്താൻ കഴിയും.

കൗശലക്കാരനായ മനുഷ്യൻ ആത്മാവിനുപകരം കണ്ടുപിടിച്ച പദമാണു മനസ്സ്. മനസ്സിൽ എന്തെല്ലാം വിചാരിച്ചാലും തെറ്റായിട്ടൊ, പാപമായിട്ടൊ ആരും കരുതാറില്ലല്ലോ. ഒരു സ്ത്രീയെ മോഹവിചാരത്തോടെ നോക്കിയാൽ അവളുമായി പാപം ചെയ്തെന്നു യേശുപറയുന്നുണ്ട്. ആത്മാവിനു കർമം ആവശ്യമില്ല. ഇച്ഛ മാത്രംമതി. അത് ആത്മാവിന്റെ ഗുണദോഷങ്ങൾക്കു ബാധ്യതയാകുന്നു. അതുകൊണ്ടു വ്യക്തി വിചാരത്തിലും, വാക്കുകളിലും, പ്രവൃത്തിയിലും അച്ചടക്കവും ശുദ്ധിയും പാലിക്കാൻ ബാധ്യസ്ഥനാകുന്നു. അപ്പോഴാണു നന്മനിറഞ്ഞ മനോഭാവങ്ങൾ വ്യക്തിയിൽ രൂപപ്പെടുന്നതും ആരോഗ്യദായകമാകുന്നതും. എന്നാൽ, വിചാരങ്ങളെ നിയന്ത്രിക്കാൻ എല്ലാവർക്കുമാകുന്നതല്ല. അപ്പോൾ പശ്ചാത്തപിച്ചു പരിഹാരം നേടാവുന്നതാണ്. കോപാവസ്ഥയിൽ ഒരു ദുഷ്ടവിചാരമുണ്ടായി; തന്റെ പ്രതിയോഗിയെ അടിച്ചു പൊടിയാക്കണമെന്ന്. പിന്നെ വീണ്ടുവിചാരത്തിൽ പശ്ചാത്തപിക്കുമ്പോൾ, ആദ്യത്തെ വിചാരം മാഞ്ഞുപോയി വീണ്ടുവിചാരം രൂപപ്പെടുന്നു. ബലഹീനനായ മനുഷ്യൻ സാഹചര്യങ്ങളുടെ സമ്മർദത്താൽ ചെയ്തുപോകുന്ന തെറ്റുകൾക്കു പശ്ചാത്താപം പരിഹാരമാകുന്നത് ഈ പശ്ചാത്തലത്തിലാണ്.

ശ്രദ്ധേയമായ ഒരു വൈദ്യശാസ്ത്രപഠനം, വ്യക്തിയുടെ ഇച്ഛാശക്തിക്കു ശാരീരിക ധർമങ്ങളെ ശക്തമായി സ്വാധീനിക്കാൻ കഴിയുന്നുണ്ടെന്നുള്ളതാണ്. അതുപോലെ സ്ഥായിയായ മനോഭാവങ്ങൾ വ്യക്തിയുടെ ആരോഗ്യത്തിൽ നിർണായകമായ പങ്കുവഹിക്കുന്നുണ്ടെന്നുമാണ്. സ്നേഹം, ദയ, കാരുണ്യം, സഹാനുഭൂതി, പരോപകാരം തുടങ്ങിയ വികാരങ്ങളെ ആരോഗ്യ



ദായകം എന്നും പക, വിദ്വേഷം, അസൂയ, വിദ്വേഷം തുടങ്ങിയ വികാരങ്ങളെ നിഷേധാത്മക വികാരങ്ങളായും വൈദ്യശാസ്ത്രം വിലയിരുത്തുന്നു. നിഷേധാത്മക വികാരങ്ങൾ വ്യക്തിയുടെ സ്ഥായീഭാവമാകുമ്പോൾ പലവിധ മാനസ്സിക, ശാരീരിക അസ്വസ്ഥതകൾക്കു



വിധേയമാകുന്നതായും പഠനങ്ങൾ കണ്ടെത്തുന്നു. ജീവിതത്തിലെ ജയപരാജയങ്ങളും വിഫലപ്രതീക്ഷകളും സ്വാഭാവികമാണെന്ന പരിപക്വമായ വീക്ഷണം വൈകാരിക സമ്മർദങ്ങളെ അതിജീവിക്കാൻ വ്യക്തികളെ പ്രാപ്തരാക്കുന്നു. ഏതു പ്രക്ഷുബ്ധാവസ്ഥകളിലും അതു മനസ്സിനെയും ശരീരത്തെയും സന്തുലനത്തിൽ നിലനിർത്താൻ തന്മൂലം വ്യക്തിക്കു കഴിയുന്നു. രോഗം ബാധിക്കുന്നില്ലെങ്കിൽ ശരീരം അനേകകാലം ആരോഗ്യത്തോടെ നിലനില്ക്കുമെന്നതാണു മറ്റൊരുപഠനം. അതെത്രമാത്രം പ്രായോഗികമാക്കാൻ കഴിയുമെന്നതാണു വ്യക്തികളും സമൂഹവും ചിന്തിക്കേണ്ടത്. വ്യക്തിശുചിത്വം, സമീകൃതാഹാരം, വ്യായാമം, നന്മനിറഞ്ഞ മനോഭാവങ്ങൾ എന്നിവ വ്യക്തിക്കു വാർധക്യമേശാത്ത ശരീരവും ഊർജസ്വലമായ മനസ്സും പ്രദാനം ചെയ്യുമെന്നാണു പഠനങ്ങളുടെ രത്നച്ചുരുക്കം. ❖




# ന്യൂസ് ഡയറി

( 27 ജനുവരി-2 ഫെബ്രുവരി 2012 )

**പി.ആർ.**

**27.** കാലിക്കട്ട് സർവകലാശാലയിൽ അനധികൃതമായി സംസ്കൃതം പ്രൊഫസർ നിയമനം നേടിയ മുൻ റജിസ്ട്രാർ ഡോ. ടി.കെ.നാരായണനിൽ നിന്നു ശമ്പളം തിരിച്ചുപിടിക്കാൻ ഹൈക്കോടതി ഡിവിഷൻ ബഞ്ച് ഉത്തരവിട്ടു.

✸ ഇടുക്കി ജലവൈദ്യുത പദ്ധതിയുടെ ഭാഗമായ മൂലമറ്റം പവർ ഹൗസിൽ കഴിഞ്ഞവർഷം പൊട്ടിത്തെറിയുണ്ടായ സംഭവത്തിൽ വൈദ്യുതി ബോർഡിനെതിരെ ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് വകുപ്പു കേസെടുത്തു.

**28.** കേരള സർവകലാശാലയിൽ ഡ്രൈവർ നിയമനത്തിനു നടത്തിയ പരീക്ഷ ക്രമക്കേടിനെത്തുടർന്നു സെലക്ഷൻ കമ്മിറ്റി റദ്ദാക്കി.

✸ ഐസ്ക്രീം പാർലർ അട്ടിമറി കേസിന്റെ അന്വേഷണ റിപ്പോർട്ടും കേസ് ഡയറിയും അഡ്വക്കേറ്റ് ജനറൽ ഹൈക്കോടതിയിൽ സമർപ്പിച്ചു.

**29.** റെയിൽവേയുടെ കേരളത്തിലെ നിർമാണ പ്രവർത്തനങ്ങളുടെ മൊത്തം ചുമതലയുള്ള ചീഫ് അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ ആയി ഡാനി തോമസിനെ നിയമിച്ചു.



✸ മർക്കസു സഖാഫത്തി സുന്നിയ്യയുടെ നേതൃത്വത്തിൽ നിർമിക്കുന്ന ശ അറെ മുബാറക് മസ്ജിദിനും ഇസ്ലാമിക് ഹെറിറ്റേജ് മ്യൂസിയത്തിനും കോഴിക്കോട്ടു തറക്കല്ലിട്ടു.

**30.** കുട്ടനാടിനെ രാജ്യാന്തര കാർഷിക പൈതൃക കേന്ദ്രമായി ഐക്യരാഷ്ട്രസഭയുടെ നേതൃത്വത്തിലുള്ള ഫുഡ് ആൻഡ് അഗ്രിക്കൾച്ചർ ഓർഗനൈസേഷൻ അംഗീകരിച്ചു.



✸ കൊച്ചിയിലെ ആകാശനഗരം (സ്കൈ സിറ്റി) പദ്ധതിക്കു സംസ്ഥാനസർക്കാർ ഉപാധികളോടെ അനുമതി നല്കി.

**1.** തൊഴിലാളികളുമായി വന്ന ജീപ്പ് ബോഡിമെട്ടിനു സമീപം കൊക്കയിലേക്കുമറിഞ്ഞ് അമ്മയും മകളുമുൾപ്പെടെ തമിഴ്നാടു സ്വദേശികളായ നാലു സ്ത്രീകൾ മരിച്ചു.

✸ മുന്നോക്ക വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നോക്കം നില്ക്കുന്നവർക്കായി കോർപറേഷൻ രൂപീകരിക്കാൻ അനുമതി നല്കി സംസ്ഥാന സർക്കാർ ഉത്തരവിട്ടു.

**2.** പോലീസ് അസ്സോസിയേഷൻ ഭാരവാഹികളോ പോലീസുകാരോ മുൻകയ്യെടുത്തു പൊതു സ്ഥലങ്ങളിൽ ബാനറുകളും പോസ്റ്ററുകളും ആർച്ചുകളും സ്ഥാപിക്കാൻ പാടില്ലെന്നു ഡിജിപി ജേക്കബ് പുന്നൂസ് സർക്കുലറിറക്കി.

✸ നിയമസഭാ തെരഞ്ഞെടുപ്പിലെ തോല്വിക്കു ഭരണവീഴ്ചകളും വിവാദങ്ങളും കാരണമായെന്നുള്ള പ്രവർത്തന റിപ്പോർട്ട് സിപിഎം സംസ്ഥാന കമ്മിറ്റി അംഗീകരിച്ചു.




**27.** അറുപതുകോടി പൗരന്മാർക്കു തനതു തിരിച്ചറിയൽ രേഖ (ആധാർ) തയ്യാറാക്കുന്നതിനു യു.ഐ.ഡി. അതോറിട്ടിക്കു പ്രധാനമന്ത്രിയുടെ നേതൃത്വത്തിലുള്ള കേന്ദ്രമന്ത്രിസഭാ സമിതി അനുമതി നല്കി.



✸ രാജ്യത്തെ ഇടതു രാഷ്ട്രീയത്തിനു ജാതി, മത, ഗോത്ര, വംശങ്ങളിൽ അധിഷ്ഠിതമായ സ്വത്വരാഷ്ട്രീയത്തിന്റെ വളർച്ച പ്രധാനവെല്ലുവിളിയാണെന്നു സിപിഎം കരടു രാഷ്ട്രീയ പ്രമേയം.

**28.** ഇന്ത്യയിൽ ദൃശ്യകലാരംഗത്തെ മികവിനുള്ള 2011ലെ സ്കോഡ പ്രൈസ് (പത്തുലക്ഷം രൂപ) മലയാളിയായ നവീൻ തോമസിനു ന്യൂഡൽഹിയിൽ സംഘടിപ്പിച്ച ചടങ്ങിൽ സമ്മാനിച്ചു.

**29.** കരസേനാ മേധാവി ജനറൽ വി.കെ. സിങ്ങിന്റെ ജനനത്തീയതി 1950 മെയ് പത്തായി തിരുത്തണമെന്നു കരസേന ഉദ്യോഗസ്ഥരുടെ ജനനത്തീയതി അടക്കമുള്ള രേഖകൾ സൂക്ഷിക്കുന്ന അഡ്ജുട്ടന്റ് ജനറൽ വിഭാഗത്തിനോടു പ്രതിരോധ മന്ത്രാലയം നിർദേശിച്ചു.



✷ വില്ല കുംഭകോണവുമായി ബന്ധപ്പെട്ട കേസിൽ ആന്ധ്രാപ്രദേശ് ആഭ്യന്തര സെക്രട്ടറിയും മുതിർന്ന ഐഎഎസ് ഉദ്യോഗസ്ഥനുമായ ബി.പി.ആചാര്യയെ സിബിഐ അറസ്റ്റു ചെയ്തു.

**30.** 64-ാം രക്സാക്ഷിത്വ ദിനത്തിൽ രാഷ്ട്രപിതാവു മഹാത്മാഗാന്ധിയെ രാജ്യം അനുസ്മരിച്ചു.



✷ അഴിമതിക്കാരനായ ഉദ്യോഗസ്ഥനെ അഴിമതി നിരോധന നിയമം അനുസരിച്ചു പ്രോസിക്യൂട്ടു ചെയ്യാൻ സർക്കാർ മൂന്നു മാസത്തിനകം അനുമതി നല്കണമെന്നു സുപ്രീം കോടതി.

✷ പ്രമുഖ നയതന്ത്രജ്ഞനും സ്വാതന്ത്ര്യ സമരസേനാനിയും കേന്ദ്രസർക്കാരിന്റെ മുൻ നയതന്ത്ര ഉപദേഷ്ടാവും ഗ്രന്ഥകാരനുമായ എ.കെ. ദാമോദരൻ (90) അന്തരിച്ചു.



**31.** കേന്ദ്ര മാനവശേഷിമന്ത്രാലയത്തിനു കീഴിലുള്ള അഖിലേന്ത്യാ സാങ്കേതിക വിദ്യാഭ്യാസ കൗൺസിൽ (എ.ഐ.സി.ഇ.ടി.ഇ) ഡയറക്ടറായി എം. അബ്ദുൾ റഹ്മാനെ നിയമിച്ചു.

✷ ഇന്ത്യ തദ്ദേശീയമായി വികസിപ്പിച്ചെടുത്ത പൈലറ്റില്ലാത്ത ഭാരം കുറഞ്ഞ വിമാനം 'ലക്ഷ്യാ-1' ഒഡീഷ തീരത്തെ ചാന്ദിപ്പൂർ കേന്ദ്രത്തിൽ നിന്നു വിജയകരമായി പരീക്ഷിച്ചു.

**1.** ഗുജറാത്ത് കലാപവുമായി ബന്ധപ്പെട്ട് അന്വേഷണം നടത്തുന്ന നാനാവതി കമ്മീഷൻ മുമ്പാകെ നേരിട്ടു ഹാജരാകുന്നതിൽ നിന്നും മുഖ്യമന്ത്രി നരേന്ദ്ര മോഡിയെ ഹൈക്കോടതി ഒഴിവാക്കി.



✷ വസ്തുവില്പനയിൽ 1.35 കോടി രൂപ സ്റ്റാമ്പ് ഡ്യൂട്ടി വെട്ടിച്ചതിനു പിഴയിട്ടതിനെതിരെ അണ്ണാഹസാരെ സംഘാംഗമായ പ്രമുഖ അഭിഭാഷകൻ ശാന്തിഭൂഷൺ സമർപ്പിച്ച ഹർജി അലഹബാദ് ഹൈക്കോടതി തള്ളി.



**2.** എ.രാജ ടെലികോം മന്ത്രിയായിരിക്കെ 2 ജി സ്പെക്ട്രത്തിന് അനുവദിച്ച 122 ലൈസൻസുകൾ സുപ്രീം കോടതി റദ്ദാക്കി.

✷ എ. ഐ. പി.എം. ബിസിനസ് സ്കൂളിന്റെ സ്വാമി വിവേകാനന്ദ സ്മാരക പുരസ്കാരം (10 ലക്ഷം രൂപ) ഡൽഹി മെട്രോ റെയിൽ കോർപറേഷൻ മുൻ ചെയർമാൻ ഇ. ശ്രീധരനു സമ്മാനിച്ചു.






**27.** ചെലവുചുരുക്കലിന്റെ ഭാഗമായി സൈനികരുടെ എണ്ണത്തിൽ ഒരു ലക്ഷം പേരുടെ കുറവു വരുത്തുമെന്നു യു.എസ്. പ്രതിരോധ സെക്രട്ടറി ലിയോൺ പനേറ്റ.



✷ സീസണിലെ ആദ്യ ഗ്രാൻസ്ലാം ടെന്നീസ് ടൂർണമെണ്ടായ ഓസ്ട്രേലിയൻ ഓപ്പണിലെ പുരുഷ ഡബിൾസ് കിരീടം ഇന്ത്യയുടെ ലിയാൻഡർ പെയ്സ്-ചെക് റിപ്പബ്ലിക് താരം റാഡെക് സ്റ്റെപ്പാനെക്ക് സഖ്യം നേടി.

**28.** സാർക് സംഘടനയുടെ സെക്രട്ടറി ജനറൽ സ്ഥാനം മാലദ്വീപുകാരിയായ ഫാത്തിമത് ധിയാന സയീദ് രാജിവച്ചു.

✷ ഹിന്ദി പിന്നണിഗായിക ദീപാലി ജോഷി ഷാ (35) കുവൈത്ത് സിറ്റിയിൽ വച്ചുണ്ടായ വാഹനാപകടത്തിൽ മരിച്ചു.



**29.** നവനാസി തീവ്രവാദികൾ 2000-2007ൽ രാജ്യത്തു നടത്തിയതായി കരുതപ്പെടുന്ന പത്തു കൊലപാതകങ്ങളെപ്പറ്റി അന്വേഷിക്കാനുള്ള 11 അംഗ അന്വേഷണ സമിതിയുടെ അധ്യക്ഷനായി മലയാളിയായ സെബാസ്റ്റ്യൻ ഇടാത്തി എം.പിയെ ജർമൻ പാർലമെണ്ട് നിയമിച്ചു.

✷ ബെൽജിയം, സൈപ്രസ്, ഇറ്റലി, സ്ലോവേനിയ, സ്പെയിൻ എന്നീ രാജ്യങ്ങളുടെ റേറ്റിംഗ് പ്രമുഖ ഏജൻസിയായ ഫിച്ച് കുറച്ചു.

**30.** ഇന്ത്യൻ പ്രധാനമന്ത്രി ഡോ. മൻമോഹൻസിംഗ് കാപട്യമില്ലാത്ത ശുദ്ധ വ്യക്തിയാണെന്നു പാകിസ്ഥാൻ പ്രധാനമന്ത്രി യൂസഫ് റാസാ ഗീലാനി.



✷ 150-ാം ജന്മദിനാഘോഷത്തിന്റെ ഭാഗമായി അമേരിക്കയിലെ ഷിക്കാഗോ ആർട്ട് ഇൻസ്റ്റിറ്റ്യൂട്ടിൽ സ്വാമി വിവേകാനന്ദന്റെ ലോഹഫലകം ധനമന്ത്രി പ്രണബ് മുഖർജി അനാച്ഛാദനം ചെയ്തു.

**31.** ലക്ഷ്യം തിരിച്ചറിഞ്ഞു പിന്തുടർന്നു തകർക്കുന്ന ആധുനിക ലേസർ നിയന്ത്രിത ഷെല്ലുകൾക്കു രൂപം നല്കിയതായി ഇറാൻ.

✷ ക്യൂബയിലെ ഏകകക്ഷി വ്യവസ്ഥ യു.എസ്. സാമ്രാജ്യത്വത്തിനെതിരെയുള്ള രക്ഷാകവചമാണെന്നും, ബഹുകക്ഷി സമ്പ്രദായം രാജ്യത്തെ സോഷ്യലിസ്റ്റ് വ്യവസ്ഥയുടെ തുടർച്ചയ്ക്കു കാരണമാകുമെന്നും പ്രസിഡണ്ട് റൗൾ കാസ്ട്രോ.

**1.** ഈജിപ്തിലെ പോർട്ട് സെയ്ദ് നഗരത്തിൽ ഫുട്ബോൾ മത്സരത്തിനൊടുവിൽ കാണികൾ ചേരിതിരിഞ്ഞു നടത്തിയ ആക്രമണത്തിൽ 80 പേർ മരിച്ചു.

✷ യു.എസ്.പ്രസിഡണ്ട് തെരഞ്ഞെടുപ്പിലെ റിപ്പബ്ലിക്കൻ പാർട്ടി സ്ഥാനാർത്ഥിത്വത്തിനായി ഫ്ളോറിഡ പ്രൈമറിയിൽ നടന്ന തെരഞ്ഞെടുപ്പിൽ മസാച്യുസെറ്റ്സ് മുൻ ഗവർണർ മീറ്റ് റോംനി വിജയിച്ചു.



**2.** പസഫിക് സമുദ്രതീര രാജ്യമായ പാപുവ ന്യൂഗിനിയുടെ തീരത്ത് എം.വി.റാബൽ ക്വീൻ എന്ന യാത്രാക്കപ്പൽ മുങ്ങി നൂറിലേറെ പേർ മരിച്ചു.

✷ പോളിഷ് കവയിത്രിയും നിരൂപകയും നോബൽ ജേത്രിയുമായ വിസ്ലോ ഷിബോർസ്ക (88) അന്തരിച്ചു. ✷✷✷



## യിശ്മായേലിന്റെ സങ്കീർത്തനം

സാംസി കൊടുമൺ
പ്രസാ: ഉൺമ പബ്ലിക്കേഷൻസ്, നൂറനാട്
*വില : ₹ 75/-*
*ഫോൺ: 9349490317, 0479-2385585*

## ഹൃദയമർമരങ്ങൾ

ഫാ. സ്റ്റാഴ്സൺ ജെ. കള്ളിക്കാടൻ
പ്രസാ: മീഡിയാ ഹൗസ്, കോഴിക്കോട്
*വില : ₹ 90/-*
*ഫോൺ: 9746077500*

## വിചിന്തനോദ്യാനം

സാധു ഇട്ടിയവിര
പ്രസാ: മീഡിയാ ഹൗസ്, കോഴിക്കോട്
*വില : ₹ 125/-*
*ഫോൺ: 9746077500*



സാംസി കൊടുമണ്ണിന്റെ 11 ചെറുകഥകളുടെ സമാഹാരമാണു 'യിശ്മായേലിന്റെ സങ്കീർത്തനം.' കാലത്തിന്റെ കപടനാടകങ്ങൾ കണ്ടുമടുക്കുന്ന നിഷ്കളങ്കരുടെ തേങ്ങലിൽ നിന്നാണ് ഈ കഥകൾ രൂപപ്പെടുന്നത്. മതങ്ങൾ മനുഷ്യനു സമ്മാനിച്ച വചനങ്ങൾ അവനു രക്ഷ നല്കുന്നുവെന്ന വിശ്വാസത്തോട് ഈ കഥാകൃത്തു പൂർണമായി യോജിക്കുന്നില്ലെന്ന് അദ്ദേഹത്തിന്റെ പല കഥകളിലും സൂചനയുണ്ട്. സ്വതന്ത്രവും നിർഭയവുമായ ഒരു കാഴ്ചപ്പാടു കഥാകൃത്തിനുള്ളതുകൊണ്ടാണ് ഈ കഥകൾ വ്യത്യസ്തമാവുന്നത്. അതുകൊണ്ട് ഈ കഥകൾ മനുഷ്യമനസ്സുകളുടെ ആഴങ്ങളിലേക്ക് ഇറങ്ങിച്ചെല്ലുന്നു. ചിന്തയിൽ തങ്ങുന്ന ഒരു വികാരം, ഒരു ചോദ്യം അല്ലെങ്കിൽ ഉത്തരം കഥാകൃത്തു തന്റെ രചനകളിൽ നിപുണതയോടെ ഉൾക്കൊള്ളിക്കുന്നു. നൈരന്തര്യ സ്വഭാവമുള്ള ആഖ്യാനവും ശില്പബലവും ഈ കഥകളെ കരുത്തുള്ളവയാക്കുന്നു. പെരുമ്പടവം ശ്രീധരന്റെ ആമുഖവും ഡോ എൻ.പി. ഷീല, സുധീർ പണിക്കവീട്ടിൽ എന്നിവരുടെ പഠനങ്ങളും വായനക്കാർക്കു വഴികാട്ടികളായി നിലകൊള്ളുന്നു.



ആമുഖത്തിൽ മാർ റാഫേൽ തട്ടിൽ എഴുതുന്നു: വാക്കുകൾകൊണ്ടു ഹൃദയനിലത്തു ചിത്രം വരയ്ക്കുകയാണു സ്റ്റാഴ്സനച്ചൻ. വാക്കുകൾക്കു ജീവനോളം വിലയുണ്ടെന്നും, അനേകം ഹൃദയങ്ങൾക്ക് ആശ്വാസത്തിന്റെ കുളിരേകാൻ ശക്തിയുണ്ടെന്നും ഓർമിപ്പിക്കുന്ന ആത്മീയ ലേഖനങ്ങളുടെ സമാഹാരമാണ് ഈ ഹൃദയമർമരങ്ങൾ. മാതൃസ്നേഹത്തിന്റെ ഗൃഹാതുരത്വമുണർത്തുന്ന വിചാരങ്ങൾ ഈ പുസ്തകത്തിൽ പലയിടത്തും കാണുന്നുണ്ടെന്നതാണ് ഈ പുസ്തകത്തോട് എനിക്കു തോന്നിയ ഇഷ്ടം.

ക്രിസ്തു എന്ന ആത്മമിത്രത്തെക്കുറിച്ചുള്ള ഒരു ഭക്തന്റെ ഹൃദയത്തുടിപ്പുകൾ മഴവില്ലുപോലെ ഈ ഗ്രന്ഥത്തിലെ ഓരോ താളിലും നിഴലിക്കുന്നുണ്ട്. ക്രിസ്തു എന്ന ആകർഷണവലയത്തിൽ അകപ്പെട്ടവരിൽ നിന്നു പുതുപൂക്കൾ മാത്രമേ വിരിയൂ എന്നതിനു തെളിവാണ് ഈ സ്നേഹരസം പുരട്ടിയ വാക്കുകൾ. ഒന്നോർത്താൽ, ക്രിസ്തുവിന്റെ ഹൃദയത്തിലേക്കുള്ള കിളിവാതിൽ തന്നെയാണ് ഈ ഹൃദയമർമരവുമെന്നു നമുക്കും സമ്മതിക്കേണ്ടതായി വരും, തീർച്ച.



200 ചെറുലേഖനങ്ങളുടെ സമാഹാരമാണു സാധു ഇട്ടിയവിരായുടെ വിചിന്തനോദ്യാനം. തീർത്തും സാധാരണ സംഭവങ്ങളിലും സാഹചര്യങ്ങളിലും നിന്നു ദൈവസ്നേഹത്തിന്റെയും പരസ്നേഹത്തിന്റെയും മധുവും പൂമ്പൊടിയും സമാഹരിച്ചു തന്റെ അനുവാചകർക്കു കൈമാറ്റം ചെയ്യാനുള്ള സാധു ഇട്ടിയവിരായുടെ പാടവം അനിതര സാധാരണമാണ്.

ലാളിത്യവും മനോഹാരിതയും മൗലികതയും ഈ കുറിപ്പുകളുടെ സംവേദക്ഷമത വർധിപ്പിക്കുന്നു. അതിനാൽ കുഞ്ഞുങ്ങളുടെ മനസ്സോടെ നിത്യസനാതന മൂല്യങ്ങളെയും യാഥാർത്ഥ്യങ്ങളെയും സ്വീകരിക്കാൻ ഇവയൊക്കെയും നമ്മെ പ്രാപ്തരാക്കുമെന്ന കാര്യത്തിൽ സംശയമേതുമില്ല. ഇതാ, ഇരുനൂറു ചിന്താപുഷ്പങ്ങളിലായി ഒരു ഉദ്യാനത്തിന്റെ മധുവത്രയും ഈ ഗ്രന്ഥത്തിലൂടെ അദ്ദേഹം നമുക്കു വച്ചു നീട്ടുന്നു. ധ്യാനപൂർവം വായിക്കാൻ ഒരു അപൂർവ ഗ്രന്ഥം.

***

*Chief Editor: Prof. Dr. Kurias Kumblakuzhy. Edited, printed and published by the Chief Editor for Pratichaya Publishing Trust, Kottayam. Printed at Mangalam Publications & Pvt. Ltd, Kottayam.*




# പ്രതിച്ഛായ

## വിമോചന സമരം

പ്രത്യേക പതിപ്പ്
വിലപ്പെട്ട ഒരു റഫറൻസ് ഗ്രന്ഥം

ഇരുപതാം നൂറ്റാണ്ടിൽ കേരളത്തിലുണ്ടായ ഏറ്റവും വലിയ ജനകീയ പ്രക്ഷോഭമായ വിമോചനസമരത്തിന്റെ ചരിത്രം. ഈ പ്രക്ഷോഭത്തിന്റെ ന്യായാന്യായങ്ങൾ വിലയിരുത്തുന്ന പഠനങ്ങളും

**വിമോചനസമരം ചരിത്രപശ്ചാത്തലത്തിൽ**
*ഡോ.എം.ജി.എസ്.നാരായണൻ*

**വിമോചനസമരത്തെ പഴിക്കുന്നോ?**
*മാർ ജോസഫ് പൗവത്തിൽ*

**വിമോചനസമരം ഭരണഘടനാവിധേയമായ ജനകീയ പ്രക്ഷോഭം** – *കെ.എം.മാണി*

**വിമോചനസമരം കമ്യൂണിസത്തിന്റെ പരാജയം**
*റവ.ഡോ.എ.അടപ്പൂർ*

**വിമോചനസമരം ഒരു താത്വിക സമീപനം**
*പ്രൊഫ.എം.ആർ.ചന്ദ്രശേഖരൻ*

**കമ്യൂണിസത്തിന്റേതു മനുഷ്യാവകാശലംഘനങ്ങളുടെ ചരിത്രം** – *ഡോ.കെ.എസ്.രാധാകൃഷ്ണൻ*

**വിമോചനസമരവും കമ്യൂണിസത്തിലെ ഫാസിസ്റ്റു പ്രവണതകളും** – *ഡോ.കുര്യാസ് കുമ്പളക്കുഴി*

വിമോചന സമരം ചരിത്രവും പശ്ചാത്തലവും, 1957ലെ തെരഞ്ഞെടുപ്പു ഫലം, വിമോചനസമരത്തിന്റെ അമ്പതു ദിനങ്ങൾ-നാൾവഴി, വിമോചനസമര പ്രതിജ്ഞയും കുറ്റപത്രവും, 1959ൽ രാഷ്ട്രപതിക്കു കേരളാ ഗവർണർ സമർപ്പിച്ച റിപ്പോർട്ട്, കെ.പി.സി.സി രാഷ്ട്രപതിക്കു സമർപ്പിച്ച നിവേദനം, ഇ.എം.എസ് പറഞ്ഞത്, രാഷ്ട്രപതിയുടെ വിജ്ഞാപനം എന്നിവയും.

കൂടാതെ, 1959ൽ മുണ്ടശ്ശേരിയുടെ വിദ്യാഭ്യാസബില്ലിനെ വിമർശിച്ചുകൊണ്ടു ശ്രീ. കെ.എം. മാണി എഴുതിയ ലേഖനവും.

ഡിമൈ ¼ വലുപ്പം, 200 പേജ്, വില 100രൂപ

താത്പര്യമുള്ളവർ 100 രൂപ മണിയോർഡറായോ ഡ്രാഫ്റ്റായോ അയയ്ക്കുക

***പ്രതിച്ഛായ, പാലസ് റോഡ്, കോട്ടയം – 686001***